# സമഗ്ര ശിക്ഷാ കേരളം

## 2023

## ക്ലാസ് XII

# ഭൂമിശാസ്ത്രം

## ഭാഗം I

# ഭാഗം 1

# XII

1 മാനവിക ഭൂമിശാസ്ത്രം - സ്വഭാവവും വ്യാപ്തിയും

2 ലോകജനസംഖ്യ - വിതരണം, സാന്ദ്രത, വളർച്ച

3 ജനസംഖ്യാ ഘടകങ്ങൾ

4 മാനവ വികസനം

5 പ്രാഥമിക പ്രവർത്തനങ്ങൾ

6 ദ്വിതീയ പ്രവർത്തനങ്ങൾ

7 തൃതീയ പ്രവർത്തനങ്ങളും ചതുർത്ഥ പ്രവർത്തനങ്ങളും

8 ഗതാഗതവും വാർത്താവിനിമയവും

9 അന്താരാഷ്ട്ര വ്യാപാരം

10 മനുഷ്യ വാസസ്ഥലങ്ങൾ

## അധ്യായം 1

# മാനവിക ഭൂമിശാസ്ത്രം - സ്വഭാവവും വ്യാപ്തിയും

മാനവിക ഭൂമിശാസ്ത്രത്തിന്റെ പൊതുസ്വഭാവവും മാതൃവിഷയമായ ഭൂമിശാസ്ത്രവുമായുള്ള ബന്ധവുമാണ് പ്രധാനമായും ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. കൂടാതെ മാനവിക ഭൂമിശാസ്ത്ര മേഖലകൾ മറ്റ് സഹോദര വിഷയങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നും ഇവിടെ ചർച്ച ചെയ്യപ്പെടുന്നു.

**പ്രധാന ആശയങ്ങൾ**

- പാരിസ്ഥിതിക വിധി വിശ്വാസം, സാധ്യതാവാദം, നവവിധി വിശ്വാസം
- മാനവികത, റാഡിക്കൽ, ബിഹേവിയറൽ ചിന്താധാരകൾ
- മാനവിക ഭൂമിശാസ്ത്രം കടന്നുവന്ന വിവിധ ഘട്ടങ്ങൾ
- മാനവിക ഭൂമിശാസ്ത്രത്തിലെ മേഖലകളും ഉപമേഖലകളും

**പ്രവർത്തനം 1**

മാനവിക ഭൂമിശാസ്ത്രത്തിന്റെ നിർവ്വചനങ്ങളും അവയുടെ വക്താക്കളുടെ പേരുകളുമാണ് ചുവടെ കൊടുത്തിരിക്കുന്നത്. അവ ചേരുംപടി ചേർക്കുക.

| വക്താക്കൾ | നിർവചനങ്ങളുടെ ഊന്നൽ |
|---|---|
| വിഡൽ ഡി ലാ ബ്ലാഷേ | ചലനാത്മകത |
| എലൻ സി സെമ്പിൾ | സമന്വയം |
| റാറ്റ്സൽ | പരസ്പരബന്ധം |

**പ്രവർത്തനം 2**

പ്രാകൃത മനുഷ്യ സമൂഹങ്ങളും പ്രകൃതിയുടെ ശക്തമായ ബലങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തെ പ്രതിപാദിക്കുന്ന ആശയമേതെന്ന് ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക.

A. സാധ്യതാവാദം

B. പാരിസ്ഥിതികവിധി വിശ്വാസം

C. നവനിയതവാദം

ഉത്തരം : ------------------------------------------------------------------

**പ്രവർത്തനം 3**

താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന തിരിച്ചറിയുക

A. മനുഷ്യൻ പ്രകൃതിയെ അനുസരിക്കുന്നതിലൂടെ അതിനെ കീഴ്പ്പെടുത്താനാവും എന്ന ആശയമാണ് നവനിയതവാദം.

B. നവനിയതവാദത്തിന്റെ വക്താവാണ് ഫെഡ്രിക് റാറ്റ്സൽ

C. സമ്പൂർണ ആവശ്യകത എന്ന സാഹചര്യമോ പൂർണസ്വാതന്ത്ര്യം എന്ന അവസ്ഥയോ ഇല്ലെന്ന് ചൂണ്ടികാണിക്കുന്ന ആശയമാണ് നവനിയതവാദം.

ഉത്തരം : ------------------------------------------------------------------------

**പ്രവർത്തനം 4**

മാനവിക ഭൂമിശാസ്ത്രം കടന്നുപോയ വിവിധ കാലഘട്ടങ്ങളും സമീപനങ്ങളും താഴെ കൊടുത്തിരിക്കുന്നു. പട്ടികയിലെ വിട്ടുപോയ ഭാഗങ്ങൾ പൂർത്തീകരിക്കുക.

| കാലഘട്ടം | സമീപനങ്ങൾ |
|---|---|
| A. . . . . . . . . . . | പര്യവേഷണവും വിവരണവും |
| പിൽക്കാല കോളനിവൽക്കരണ കാലം | B. . . . . . . . . . . |
| C. . . . . . . . . . . | പ്രാദേശികവൈവിധ്യം |
| D. . . . . . . . . . . | സ്ഥാനീയസംഘാടനം |
| 1970 കൾ | E. . . . . . . . . . . |
| 1990 കൾ | F . . . . . . . . . . . |

**പ്രവർത്തനം 5**


താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ചിന്താധാരകളുടെ പേരുകൾ തിരിച്ചറിയുക

A. ജനങ്ങളുടെ സാമൂഹ്യ സുഖാവസ്ഥയിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

B. മാർക്സിയൻ സിദ്ധാന്തങ്ങളെ ഉപയോഗപ്പെടുത്തി നിലവിലെ സാമൂഹ്യ പ്രശ്നങ്ങളെ വിലയിരുത്തുന്നു.

**പ്രവർത്തനം 6**

മാനവിക ഭൂമിശാസ്ത്രത്തിലെ വിവിധ പഠന മേഖലകൾക്കും ഉപമേഖലകൾക്കും മറ്റ് സാമൂഹിക വിഷയങ്ങളുമായുള്ള ബന്ധം കാണിക്കുന്ന ചാർട്ട് പൂർത്തീകരിക്കുക.




## <u>ഉത്തരങ്ങൾ</u>

**പ്രവർത്തനം 1**

| | |
|---|---|
| വിഡൽ ഡി ലാ ബ്ലാഷേ | പരസ്പരബന്ധം |
| എലൻസിസെമ്പിൾ | ചലനാത്മകത |
| റാറ്റ്സൽ | സമന്വയം |

**പ്രവർത്തനം 2**

ബി) പാരിസ്ഥിതികവിധിവിശ്വാസം

**പ്രവർത്തനം 3**

സി) സമ്പൂർണ ആവശ്യകത എന്ന സാഹചര്യമോ പൂർണ സ്വാതന്ത്ര്യം എന്ന അവസ്ഥയോ ഇല്ലെന്ന് ചൂണ്ടികാണിക്കുന്ന ആശയമാണ് നവനിയതവാദം.

**പ്രവർത്തനം 4**

a) ആദ്യകാല കോളനിവൽക്കരണം

b) മേഖലാ വിശകലനം

c) രണ്ട് യുദ്ധങ്ങൾക്കിടയിലുള്ള 1930 കൾ

d) 1950 കളുടെ ഉത്തരാർദ്ധംമുതൽ 1960 കളുടെ ഉത്തരാർദ്ധം

e) മാനവികത, റാഡിക്കൽ, ബിഹേവിയറൽ ചിന്താധാരകളുടെ ഉദയം

f) ഭൂമിശാസ്ത്രത്തിലെ ഉത്തരാധുനികത

**പ്രവർത്തനം 5**

a) ക്ഷേമ മാനവിക ചിന്താധാര

b) റാഡിക്കൽ ചിന്താധാര

**പ്രവർത്തനം 6**

a) മനശാസ്ത്രം

b) രാഷ്ട്രീയ ഭൂമിശാസ്ത്രം

c) തെരഞ്ഞെടുപ്പ് അവലോകന ശാസ്ത്രം

d) വിഭവ ഭൂമിശാസ്ത്രം

**വിലയിരുത്തൽ**

1.. ഭൂമിശാസ്ത്രത്തിലെ ദ്വൈത സ്വഭാവങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തിയെഴുതുക.

2. റാറ്റ്സെൽ മാനവിക ഭൂമിശാസ്ത്രത്തിന് നൽകിയ നിർവചനം പ്രസ്താവിക്കുക.

3. പ്രകൃത്യാനുസാരിയായ മനുഷ്യനും മാനവനിർമിത പ്രകൃതിയും തമ്മിലുള്ള പ്രതിപ്രവർത്തനങ്ങളെ സൂചിപ്പിക്കുന്ന ആശയങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.

# അധ്യായം 2

## ലോകജനസംഖ്യ- വിതരണം, സാന്ദ്രത, വളർച്ച

ഭൗമോപരിതലത്തിലെ ജനസംഖ്യാവിതരണവും അവയെ സ്വാധീനിക്കുന്ന ഘടകങ്ങളും ലോകജനസംഖ്യാ വളർച്ചയുടെ വിവിധ പ്രവണതകളും സവിശേഷതകളുമാണ് ഈ അധ്യായത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നത്.

**പ്രധാന ആശയങ്ങൾ**

- ജനസംഖ്യാവിതരണം
- ജനസാന്ദ്രത
- ജനസംഖ്യാവിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ
- ജനസംഖ്യാവ്യതിയാന ഘടകങ്ങൾ
- ജനസംഖ്യാവളർച്ച
- ജനസംഖ്യാവളർച്ചാ നിരക്ക്
- സ്വാഭാവിക ജനസംഖ്യാവളർച്ച
- യഥാർത്ഥ ജനസംഖ്യാവളർച്ച
- അനുകൂല ജനസംഖ്യാവളർച്ച
- പ്രതികൂല ജനസംഖ്യാവളർച്ച
- ജനന നിരക്ക്, മരണനിരക്ക്, കുടിയേറ്റം
- കുടിയേറ്റത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ
- ദേശാന്തര ഗമനം, ദേശാന്തര നിർഗമനം
- ജനസംഖ്യ ഇരട്ടിക്കൽ
- ജനസംഖ്യാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ
- ജനസംഖ്യാ പരിവർത്തന സിദ്ധാന്തം
- ജനസംഖ്യാ നിയന്ത്രണ മാർഗങ്ങൾ

**പ്രവർത്തനം 1**

താഴെ പറയുന്ന രാജ്യങ്ങൾ ജനസംഖ്യാവിതരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ചെഴുതുക.

(ബ്രസിൽ, ബംഗ്ലാദേശ്, മെക്സിക്കോ, ചൈന, റഷ്യ, യു,എസ്.എ, പാകിസ്ഥാൻ, നൈജീരിയ, ഇന്ത്യ, ഇൻഡോനേഷ്യ)

..................................................................................................................

..................................................................................................................

..................................................................................................................

**പ്രവർത്തനം 2**

X എന്ന പ്രദേശത്തിന്റെ വിസ്തീർണ്ണം 100 ചതുരശ്ര കിലോമീറ്ററും അവിടുത്തെ ജനസംഖ്യ 300000 വുമാണെങ്കിൽ താഴെ കൊടുത്തിരിക്കുന്ന സമവാക്യം ഉപോയഗിച്ച് ജനസാന്ദ്രത കണക്കാകുക.

$$\text{ജനസാന്ദ്രത} = \frac{\text{ജനസംഖ്യ}}{\text{പ്രദേശത്തിന്റെ വിസ്തീർണം}}$$

.............................................................................................................................................

**പ്രവർത്തനം 3**

ജനസംഖ്യാവിതരണത്തെ നിരവധി ഘടകങ്ങൾ സ്വാധീനിക്കുന്നുണ്ട്. താഴെ കൊടുത്തിരിക്കുന്ന സൂചന ഉപയോഗിച്ച് വിട്ടുപോയ ഭാഗങ്ങൾ പൂർത്തീകരിക്കുക.

ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ
- a. ............................................
- ഭൂപ്രകൃതി
- b. ............................................
- c. ............................................

സാമ്പത്തിക ഘടകങ്ങൾ
- d . ............................................
- e. ............................................
- വ്യവസായവൽക്കരണം

f.
- മതപരമായ ഘടകങ്ങൾ
- g. ............................................

**പ്രവർത്തനം 4**

ജനസംഖ്യാ വളർച്ചയെ സംബന്ധിക്കുന്ന ചില പ്രസ്താവനകളാണ് ചുവടെ കൊടുത്തിരിക്കുന്നത് അവ വിശകലനം ചെയ്ത് ശരിയോ ☑ തെറ്റോ ☒എന്ന് മാർക്ക് ചെയ്യുക.

1. നിശ്ചിത കാലയളവിൽ ഒരു പ്രദേശത്ത് താമസിക്കുന്നവരുടെ എണ്ണത്തിൽ വരുന്ന മാറ്റമാണ് ജനസംഖ്യാവളർച്ച. ☐
2. രണ്ട് നിശ്ചിതകാലങ്ങൾക്കിടയിൽ ജനസംഖ്യ കൂടുമ്പോളാണ് പ്രതികൂല ജനസംഖ്യാ വളർച്ച ഉണ്ടാകുന്നത് ☐
3. രണ്ട് നിശ്ചിതകാലങ്ങൾക്കിടയിൽ ജനനനിരക്ക് മരണ നിരക്കിനേക്കാൾ കൂടുതലാകുമ്പോൾ അനുകൂല ജനസംഖ്യാ വളർച്ച ഉണ്ടാകുന്നു ☐

4. രണ്ട് നിശ്ചിത സമയങ്ങൾക്കിടയിൽ ഒരു നിശ്ചിത പ്രദേശത്തെ ജനസംഖ്യയിൽ ജനനവും മരണവും തമ്മിലുള്ള വ്യത്യാസം മൂലമുണ്ടാകുന്ന വളർച്ചയാണ് യഥാർത്ഥ ജനസംഖ്യാ വളർച്ച. [ ]

**പ്രവർത്തനം 5**

ജനസംഖ്യാ വ്യതിയാനത്തിന് കാരണമാകുന്ന മൂന്ന് ഘടകങ്ങളാണ് ജനനം, മരണം, കുടിയേറ്റം എന്നിവ. വർഷത്തിൽ 5000 ജനങ്ങളുള്ള പ്രദേശത്ത് 150 പേർ ജനിക്കുകയും 75 പേർ മരിക്കുകയും ചെയ്തു എങ്കിൽ ഈ പ്രദേശത്തെ ജനന മരണ നിരക്കുകൾ കണക്കാക്കുക.

സൂചന : a) CBR = $\frac{B}{P}$ x 1000

b) a) CDR = $\frac{D}{P}$ x 1000

.............................................................................................................................

.............................................................................................................................

.............................................................................................................................

**പ്രവർത്തനം 6**


ചുവടെ കൊടുത്തിരിക്കുന്ന കുടിയേറ്റത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ നിന്നും ആകർഷക-നിർബന്ധിത ഘടകങ്ങൾ വേർതിരിച്ചെഴുതുക.

പകർച്ച വ്യാധികൾ, മികച്ച തൊഴിലവസരങ്ങൾ, ജീവനും സ്വത്തിനുമുള്ള സുരക്ഷിതത്വം, രാഷ്ട്രീയ സംഘർഷം, പ്രകൃതിദുരന്തങ്ങൾ, സുഖകരമായ കാലാവസ്ഥ, മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ, തൊഴിലില്ലായ്മ.

| ആകർഷക ഘടകങ്ങൾ | നിർബന്ധിത ഘടകങ്ങൾ |
|---|---|
| • | • |
| • | • |
| • | • |
| • | • |

**പ്രവർത്തനം 7**

ജനസംഖ്യാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ സൂചിപ്പിക്കുന്ന ഒരു പദസൂര്യനാണ് താഴെകൊടുത്തിരിക്കുന്നത്. അവയിൽ വിട്ട ഭാഗം പൂരിപ്പിക്കുക.




**പ്രവർത്തനം 8**

ജനസംഖ്യാ പരിവർത്തനത്തിലെ വിവിധ ഘട്ടങ്ങളിലുള്ള സവിശേഷതകൾ ചുവടെ കൊടുത്തിരിക്കുന്നു. അവയെ വിവിധ ഘട്ടങ്ങളിലായി വേർതിരിച്ചെഴുതുക.

ജപ്പാൻ

ഉയർന്ന ജനന മരണ നിരക്കുകൾ

കാനഡ

പെറു

ജനസംഖ്യയിലെ ക്രമാതീതമായവർദ്ധനവ്

ജനസംഖ്യാ വളർച്ച മന്ദഗതിയിൽ

ജനങ്ങൾ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു

ഉയർന്ന സാങ്കേതികജ്ഞാനം കൈവരിച്ച ജനങ്ങൾ

യു.എസ്.എ.

നഗരവൽക്കരിക്കപ്പെട്ട ജനങ്ങൾ

ശ്രീലങ്ക

മരണ നിരക്ക് കുറച്ചു

നിരക്ഷരരായ ജനങ്ങൾ

വലിപ്പംകുറഞ്ഞ കുടുംബങ്ങൾ

ആരോഗ്യ ശുചിത്വ രംഗത്തെ പുരോഗതി

കുറഞ്ഞ ജനന മരണ നിരക്കുകൾ

ബംഗ്ലാദേശിലെ മഴക്കാടുകളിലെ ആദിവാസികൾ

| ഘട്ടം 1 | ഘട്ടം 2 | ഘട്ടം 3 |
|---|---|---|
| • ഉയർന്ന ജനനമരണ നിരക്കുകൾ<br>•<br>•<br>•<br>• | •<br>•<br>•<br>• പെറു<br>• | • കുറഞ്ഞ ജനന മരണ നിരക്കുകൾ<br>• |

**ഉത്തരസൂചിക**

**പ്രവർത്തനം 1**

ചൈന, ഇന്ത്യ, യു.എസ്.എ., ഇന്തോനേഷ്യ, ബ്രസീൽ, പാകിസ്ഥാൻ, നൈജീരിയ, ബംഗ്ലാദേശ്, റഷ്യ, മെക്സിക്കോ.

**പ്രവർത്തനം 2**

$$\text{ജനസാന്ദ്രത} = \frac{\text{ജനസംഖ്യ}}{\text{സ്ഥലവിസ്തീർണ്ണം}}$$

$$\therefore \quad = \frac{300000}{100}$$

$$= 3000$$

**പ്രവർത്തനം 3**

a) ജലലഭ്യത
b) കാലാവസ്ഥ
c) മണ്ണ്
d) ധാതുക്കൾ
e) നഗരവൽക്കരണം
f) സാമൂഹിക - സാംസ്കാരിക ഘടകങ്ങൾ
g) രാഷ്ട്രീയപരമായ ഘടകങ്ങൾ

**പ്രവർത്തനം 4**

1. ☑
2. ☒
3. ☑
4. ☒

**പ്രവർത്തനം 5**

$$CBR = \frac{B}{P} x1000$$

$$:, \frac{150}{5000} x1000 = 2$$

$$CDR = \frac{D}{P} x1000$$

$$:, \frac{75}{5000} x1000 = 2$$

ജനനനിരക്ക് = 2

മരണ നിരക്ക് = 1

**പ്രവർത്തനം 6**

| **ആകർഷകഘടകങ്ങൾ** | **നിർബന്ധിതഘടകങ്ങൾ** |
|---|---|
| • ജീവനും സ്വത്തിനുമുള്ള സുരക്ഷിതത്വം<br>• മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ<br>• മികച്ച തൊഴിലവസരങ്ങൾ<br>• സുഖകരമായ കാലാവസ്ഥ | • പകർച്ച വ്യാധികൾ<br>• രാഷ്ട്രീയ സംഘർഷം<br>• പ്രകൃതി ദുരന്തങ്ങൾ<br>• തൊഴിലില്ലായ്മ |

**പ്രവർത്തനം 7**

a) പാരിസ്ഥിതിത പ്രശ്നങ്ങൾ

c) മാരകരോഗങ്ങളുടെവ്യാപനം

d) തൊഴിലില്ലായ്മ

e) ദാരിദ്ര്യം.

പ്രവർത്തനം 8

| ഘട്ടം 1 | ഘട്ടം 2 | ഘട്ടം 3 |
|---|---|---|
| • ഉയർന്ന ജനന-മരണ നിരക്കുകൾ<br>• ജനസംഖ്യാ വളർച്ച മന്ദഗതിയിൽ<br>• ജനങ്ങൾ കാർഷിക വൃത്തിയിൽ ഏർപ്പെടുന്നു<br>• നിരക്ഷരരായ ജനങ്ങൾ<br>• ബംഗ്ലാദേശ് മഴക്കാടുകളിലെ ആദിവാസികൾ | • ജനസംഖ്യയിലെ ക്രമാതീതമായവർദ്ധനവ്<br>• ആരോഗ്യ ശുചിത്വരംഗത്തെ പുരോഗതി മരണനിരക്ക് കുറച്ചു<br>• പെറു<br>• കെനിയ<br>• ശ്രീലങ്ക | • ഉയർന്ന സാങ്കേതിക ജ്ഞാനം കൈവരിച്ച ജനങ്ങൾ<br>• നഗരവൽക്കരിക്കപ്പെട്ട ജനങ്ങൾ<br>• വലിപ്പംകുറഞ്ഞ കുടുംബങ്ങൾ<br>• കുറഞ്ഞ ജനന മരണ നിരക്കുകൾ<br>• കാനഡ<br>• ജപ്പാൻ |

**വിലയിരുത്തൽ**

1. ഉയർന്ന ജനസംഖ്യയുള്ള ഏഷ്യൻ രാജ്യങ്ങൾ കണ്ടെത്തിയെഴുതുക.
2. ജനസംഖ്യാ വിതരണത്തെ സ്വാധീനിക്കുന്ന സാമ്പത്തിക ഘടകങ്ങൾ കണ്ടെത്തി വിശദീകരിക്കുക
3. സ്വാഭാവിക ജനസംഖ്യാ വളർച്ചാ നിരക്കും യഥാർത്ഥ ജനസംഖ്യാ വളർച്ചയും താരതമ്യം ചെയ്യുക.
4. ജനസംഖ്യാ വ്യതിയാനത്തിന്റെ ഘടകങ്ങൾ വിശദമാക്കുക
5. ദേശാന്തര ആഗമനവും ദേശാന്തര നിർഗമനവും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെ?
6. ജനസംഖ്യാ വളർച്ചയിലെ പ്രവണതകളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
7. ജനസംഖ്യയുടെ ഇരട്ടിക്കൽ സമയം എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
8. ഇന്ത്യയിലെ വാർഷിക ജനസംഖ്യാ വളർച്ചാ നിരക്ക് എത്ര?
9. ജനസംഖ്യാ പരിവർത്തന സിദ്ധാന്തത്തിന്റെ ഉപയോഗം വിശദമാക്കുക.
10. ജനസംഖ്യാ നിയന്ത്രണ മാർഗങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തിയെഴുതുക.

# അധ്യായം 3
# ജനസംഖ്യാ ഘടകങ്ങൾ

ജനസംഖ്യയിലെ പ്രധാന ഘടകങ്ങളായ പ്രായം, ലിംഗം, തൊഴിൽ ഘടന, സാക്ഷരത തുടങ്ങിയ വയുടെ പൊതുസവിശേഷതകളാണ് ഈ അധ്യായത്തിൽ വിശദമാക്കുന്നത്

**പ്രധാന ആശയങ്ങൾ**

- ലിംഗാനുപാതം
- ലിംഗാനുപാതം കണക്കാക്കുന്നതിനുള്ള സൂത്രവാക്യങ്ങൾ
- പ്രായഘടനയും പ്രായലിഗ പിരമിഡുകളും
- ഗ്രാമീണ-നാഗരിക ജനസംഖ്യാ ഘടന
- സാക്ഷരത
- തൊഴിൽ ഘടന

**പ്രവർത്തനം 1**


താഴെ തന്നിരിക്കുന്നവയിൽ ഇന്ത്യയിൽ ലിംഗാനുപാതം കണക്കാക്കാനുപയോഗിക്കുന്ന സൂത്ര വാക്യത്തിനു നേരെ ✓ചിഹ്നം അടയാളപ്പെടുത്തുക.

(a) $\frac{\text{പുരുഷ ജനസംഖ്യ}}{\text{സ്ത്രീ ജനസംഖ്യ}} \times 1000$ ☐

(b) $\frac{\text{സ്ത്രീ ജനസംഖ്യ}}{\text{പുരുഷ ജനസംഖ്യ}} \times 1000$ ☐

**പ്രവർത്തനം - 2**

ഒരു ജനസംഖ്യയുടെ പ്രായലിംഗ ഘടനയെ കാണിക്കാനാണ് പ്രായ ലിംഗ പിരമിഡ് ഉപയോഗിക്കുന്നത്. പ്രായലിംഗ പിരമിഡുകളുടെ ചിത്രം പരിശോധിച്ച് ചുവടെ കൊടുത്തിരിക്കുന്ന ജനസംഖ്യയുടെ സവി ശേഷതകൾ വിശകലം ചെയ്ത് വേർതിരിച്ചെഴുതുക.



- നൈജീരിയ, ബംഗ്ലാദേശ്, മെക്സിക്കോ എന്നീ രാജ്യങ്ങളുടെ പിരമിഡുകൾ ത്രികോണാകൃതിയിലായിരിക്കും
- ആസ്ട്രേലിയയുടെ പ്രായലിംഗ പിരമിഡ് മണിയുടെ ആകൃതിയിലായിരിക്കും
- ഉയർന്ന ജനനനിരക്ക് കാരണം വലിയൊരു വിഭാഗം പ്രായം കുറഞ്ഞവരാണ്.
- ജനനിരക്കും മരണനിരക്കും ഏറെക്കുറെ തുല്ല്യമാണ്.
- താഴ്ന്ന ജനന മരണ നിരക്കിനെ സൂചിപ്പിക്കുന്നു.
- ജപ്പാന്റെ പ്രായലിംഗ പിരമിഡിന് ഇടുങ്ങിയ അടിത്തറയും മുകളിലോട്ട് വീതി കുറഞ്ഞ് കുറഞ്ഞു വരുന്നതുമാണ്.
- വികസിത രാജ്യങ്ങളിൽ ജനസംഖ്യാ വളർച്ച സാധാരണയായി പൂജ്യമോ അതിനടുത്തോ ആയിരിക്കും.

**പ്രവർത്തനം 3**

ജനസംഖ്യാ പിരമിഡ് ജനസംഖ്യയുടെ പ്രായ-ലിംഗ ഘടനയെ കാണിക്കുന്നു. വിവിധ ജനസംഖ്യാ പിരമിഡുകളിലെ ജനസംഖ്യ സവിശേഷതകൾ കണ്ടെത്തി തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

a) വികസിക്കുന്ന ജനസംഖ്യ

-
-
-

b) സ്ഥിരമായ ജനസംഖ്യ


- ആസ്ത്രേലിയയുടെ പ്രായലിംഗ പിരമിഡ് മണിയുടെ ആകൃതിയിലായിരിക്കും.
- ..............................................................................................................
- ..............................................................................................................
- ..............................................................................................................

c) കുറയുന്ന ജനസംഖ്യ

- ..............................................................................................................
- ..............................................................................................................
- ..............................................................................................................

**പ്രവർത്തനം - 4**

ചുവടെ കൊടുത്തിരിക്കുന്ന ഗ്രാമീണ-നാഗരിക ലിംഗ ഘടന സൂചിപ്പിക്കുന്ന ഗ്രാഫ് നിരീക്ഷിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ (☑) തെറ്റോ (☒)എന്നെഴുതുക




a) നാഗരിക ലിംഗാനുപാതം ഏറ്റവും കൂടുതലുള്ള രാജ്യമാണ് ന്യൂസിലാന്റ് ☐

b) ഗ്രാമീണ ലിംഗാനുപാതം ഏറ്റവും കൂടുതലുള്ള രാജ്യമാണ് സിംബാവെ ☐

c) തന്നിരിക്കുന്ന രാജ്യങ്ങളിൽ ഏറ്റവം കുറവ് നാഗരിക ലിംഗാനുപാതം ഉള്ള രാജ്യമാണ് കാനഡ ☐

d) താഴെ തന്നിരിക്കുന്നവയിൽ ഗ്രാമീണ ലിംഗാനുപാതം കുറവുള്ള രാജ്യം ബ്രസീലാണ് ☐

**ഉത്തര സൂചിക**

**പ്രവർത്തനം 1**

(b) ☑

**പ്രവർത്തനം - 2**

(a) നൈജീരിയ, മെക്സിക്കോ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുടെ പ്രായലിംഗ പിരമിഡ് ത്രികോണാകൃതിയിലായിരിക്കും

(b) ഉയർന്ന ജനനനിരക്കു കാരണം വലിയൊരു വിഭാഗം പ്രായം കുറഞ്ഞവരാണ്.

(c) ജനന നിരക്കും മരണ നിരക്കും ഏറെക്കുറെ തുല്ല്യമാണ്.

(d) ജപ്പാന്റെ പ്രായലിംഗ പിരമിഡ് ഇടുങ്ങിയ അടിത്തറയും മുകളിലോട്ട് വീതി കുറഞ്ഞ് കൂർത്തു വരുന്നതുമാണ്

**പ്രവർത്തനം - 3**

**(a) വികസിക്കുന്ന ജനസംഖ്യ**

- ത്രികോണാകൃതി
- വിശാലമായ അടിത്തറ
- അവികസിത രാജ്യങ്ങളിലെ പോലെ ലിംഗ ഘടന ഇത്തരത്തിലായിരിക്കും
- ഉയർന്ന ജനനിരക്ക്

  ഉദാ: നൈജീരിയ, ബംഗ്ലാദേശ, മെക്സികോ

**(b) സ്ഥിരമായ ജനസംഖ്യ**

- മുകളിലേക്ക് വീതി കുറഞ്ഞ് വരുന്നു.
- ജനനനിരക്കും മരണനിരക്കും ഏറെക്കുറെ തുല്യം
- സ്ഥിരമായ ജനസംഖ്യയെ സൂചിപ്പിക്കുന്നു.

**(c) കുറയുന്ന ജനസംഖ്യ**

- ഇടുങ്ങിയ അടിത്തറ
- താഴ്ന്ന ജനന- മരണനിരക്കിനെ കാണിക്കുന്നു.
- വികസിത രാജ്യങ്ങളിലെ പ്രായ ലിംഗഘടന ഇത്തരത്തിലായിരിക്കും

  ഉദാ: ജപ്പാൻ

**പ്രവർത്തനം - 4**

a) ☒

b) ☑

c) ☒

d) ☑

**വിലയിരുത്തൽ**

1. ലിംഗാനുപാതം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
2. വികസിക്കുന്ന ജനസംഖ്യാ പിരമിഡിന്റെ സവിശേഷതകൾ വിശദമാക്കുക
3. സാക്ഷരത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
4. പ്രായലിംഗ പിരമിഡിന്റെ ഉപയോഗം വ്യക്തമാക്കുക

# അധ്യായം 4
# മാനവ വികസനം

മാനവിക വികസനം എന്ന ആശയത്തിന്റെ വിവിധ തലങ്ങളും മാനവവികസനം നേടിയെടുക്കുന്നതിനായുള്ള അനുകൂല മനോഭാവവും ആണ് ഈ അധ്യായം മുന്നോട്ട് വെയ്ക്കുന്നത്

**പ്രധാന ആശയങ്ങൾ**

- വളർച്ചയും വികസനവും
- മാനവവികസനം എന്ന ആശയം
- മാനവവികസനം കണക്കാക്കൽ
- മാനവവികസനം-സമീപനങ്ങൾ
- മൊത്തം ദേശീയ സംതൃപ്തി
- അന്താരാഷ്ട്ര താരതമ്യങ്ങൾ
- മാനവ ദാരിദ്ര്യ സൂചിക

**പ്രവർത്തനം 1**

വളർച്ചയും വകസനവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയും ☑ തെറ്റും ☒ കൊടുത്തിരിക്കുന്ന കോളങ്ങളിൽ വേർതിരിച്ച് അടയാളപ്പെടുത്തുക.

**പ്രസ്താവനകൾ**

എ) വികസനം ഗുണപരമാണ് ☐

ബി) വളർച്ച മൂല്യവർദ്ധിതമാണ് ☐

സി) വികസനം അനുകൂലമോ പ്രതികൂലമോ ആകാം. ☐

ഡി) ഒരു നിശ്ചിത കാലയളവിലുണ്ടാകുന്ന മാറ്റമാണ് വളർച്ച ☐

**പ്രവർത്തനം - 2**

മാനവവികസനത്തിന്റെ നാല് തൂണുകളും അവയുടെ ഓരോ സവിശേഷതകൾ സൂചനകളായും ചുവടെ കൊടുക്കുന്നു. മറ്റ് സവിശേഷതകൾ കണ്ടെത്തി ചിത്രം പൂർത്തീകരിക്കുക.

**സമത്വം**
- അവസര ലഭ്യതയിൽ തുല്യത
- (എ)..................


**സുസ്ഥിരത**
- അവസരങ്ങളുടെ തുടർച്ച
- (ബി)...................

**ഉൽപാദന ക്ഷമത**
- മനുഷ്യ അധ്വാനത്തെ അടിസ്ഥാനമാക്കിയുള്ള ഉൽപാദന ശേഷി
- (സി).....................

**ശാക്തീകരണം**
- അവസരങ്ങളെ യഥാവിധി തിരഞ്ഞെടുക്കാനുള്ള ഊർജ്ജം
- (ഡി)...................

**പ്രവർത്തനം – 3**

മാനവവികസനത്തിന്റെ നാല് സമീപനങ്ങളെ സൂചിപ്പിക്കുന്ന പദസൂര്യനിൽ വിട്ടുപോയ ഭാഗങ്ങൾ പൂർത്തീകരിക്കുക




**പ്രവർത്തനം – 4**

ആരോഗ്യ, വിദ്യാഭ്യാസ, വിഭവ സൂചകങ്ങളുടെ ആകെ തുകയുടെ ശരാശരിയാണ് മാനവവികസന സൂചിക. X എന്ന രാജ്യത്തിന്റെ ആരോഗ്യ, വിദ്യാഭ്യാസ, വിഭവ സൂചകങ്ങൾ യഥാക്രമം 0.632, 0.736, 0.682 എന്നിങ്ങനെയാണ്. ആ രാജ്യത്തിന്റെ മാനവവികസന സൂചിക കണക്കാക്കുക.

**പ്രവർത്തനം – 5**

നേടിയ മാനവവികസനത്തിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ നാലായി തരം തിരിക്കാം. ഇതുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| മാനവ വികസന തോത് | വികസന സൂചികാമൂല്യം |
|---|---|
| വളരെ ഉയർന്നത് | എ).................................. |
| ബി)....................................... | 0.701 മുതൽ 0.799 വരെ |
| സി)....................................... | 0.550 മുതൽ 0.700 വരെ |
| കുറഞ്ഞത് | ഡി).................................. |

**പ്രവർത്തനം 6**

മാനവവികസനം കണക്കാക്കുന്നതിനായി മാനവവികസന സൂചികയോടൊപ്പം പരിഗണിക്കുന്ന മറ്റൊരു സൂചികയാണ് മാനവദാരിദ്ര്യ സൂചിക. മാനവദാരിദ്യ സൂചിക കണക്കാക്കുന്നതിനുള്ള സൂചകങ്ങളുടെ പട്ടിക പൂർത്തീകരിക്കുക.

a) പരമാവധി 40 വയസ്സുവരെ മാത്രമുള്ള ആയൂർദൈർഘ്യം
b) ..........................................................................................
c) ..........................................................................................
d) ..........................................................................................

**ഉത്തര സൂചിക**

**പ്രവർത്തനം - 1**

എ) ☑

ബി) ☒

സി) ☒

ഡി) ☑

**പ്രവർത്തനം - 2**

എ) ലിംഗം, വർഗം, വരുമാനം തുടങ്ങിയ വിവേചനങ്ങൾക്ക് അതീതം
ബി) ഓരോ തലമുറക്കും ഒരുപോലെ അവസരലഭ്യതയുണ്ടാക്കുന്നു.
സി) ജനങ്ങളിൽ കാര്യശേഷി വികസിപ്പിക്കുന്നു.
ഡി) സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരുടെ ശാക്തീകരണത്തിന് പ്രാധാന്യം നൽകുന്നു.

**പ്രവർത്തനം - 3**

എ) വരുമാന സമീപനം
ബി) ക്ഷേമ സമീപനം
സി) അടിസ്ഥാന ആവശ്യ സമീപനം

**പ്രവർത്തനം - 4**

$$\frac{0.632 + 0.736 + 0.682}{3} = 0.683$$

**പ്രവർത്തനം - 5**

എ) 0.800 ൽ കൂടുതൽ
ബി) ഉയർന്നത്
സി) ഇടത്തരം
ഡി) 0.549 ൽ താഴെ

**വിലയിരുത്തൽ**

1) വളർച്ചയും വികസനവും താരതമ്യം ചെയ്യുക
2) മൊത്ത ദേശീയ സംതൃപ്തിയെക്കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കുക

# അധ്യായം 5
# പ്രാഥമിക പ്രവർത്തനങ്ങൾ

മനുഷ്യൻ തന്റെ നില നിൽപ്പിനായി വ്യത്യസ്തങ്ങളായ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് നമുക്കറിയാം. അവയിൽ ഏറ്റവും അടിസ്ഥാന സാമ്പത്തിക പ്രവർത്തനമായ പ്രാഥമിക പ്രവർത്തനങ്ങളെക്കുറിച്ചാണ് ഈ അധ്യായത്തിൽ വിശദമായി ചർച്ച ചെയ്യുന്നത്.

**പ്രധാന ആശയങ്ങൾ**

- സാമ്പത്തിക പ്രവർത്തനം
- പ്രാഥമിക പ്രവർത്തനം
- വേട്ടയാടലും ഭക്ഷണം ശേഖരിക്കലും
- ഇടയ ജീവിതം
- നാടോടി ഇടയ ജീവിതം
- ട്രാൻസ്ഹ്യൂമൻസ്
- വാണിജ്യാധിഷ്ഠിത കന്നുകാലി പരിപാലനം
- കൃഷി
- ഉപജീവനകൃഷി
- പ്രാചീന കൃഷി
- തീവ്ര ഉപജീവനകൃഷി
- തോട്ടവിള കൃഷി
- വിസ്തൃത വാണിജ്യ ധാന്യകൃഷി
- സമ്മിശ്ര കൃഷി
- ഡയറി ഫാമിംങ്
- മെഡിറ്ററേനിയൻ കൃഷി
- കമ്പോള കൃഷിയും പുഷ്പഫല കൃഷിയും
- സഹകരണ കൃഷി
- സംഘടിത കൃഷി
- ഖനനം


**പ്രവർത്തനം 1**


പ്രാഥമിക സാമ്പത്തിക പ്രവർത്തനങ്ങളുടെ ചില സവിശേഷതകൾ ചുവടെ കൊടുത്തിരിക്കുന്നു. മറ്റുള്ളവ കണ്ടെത്തിയെഴുതുക.

| a) നായാട്ടും ശേഖരണവും | b) കാലിമേച്ചിൽ | c) വാണിജ്യാധിഷ്ഠിത മൃഗപരിപാലനം |
|---|---|---|
| ● ഏറ്റവും പഴക്കം ചെന്ന സാമ്പത്തിക പ്രവർത്തനം | ● ---------------- | ● കൂടുതൽ ആസൂത്രിതവും മൂലധന കേന്ദ്രീകൃതവുമാണ് |
| ● ---------------- | ● ---------------- | ● ---------------- |
| ● ---------------- | ● ---------------- | ● ---------------- |
| ● ---------------- | ● ട്രാൻസ്ഹ്യൂമാൻസ് | ● ---------------- |

**പ്രവർത്തനം - 2**

ചുവടെ കൊടുത്തിരിക്കുന്ന ഭൂപടങ്ങൾ നിരീക്ഷിച്ച് കൃഷി രീതിയുടെ സവിശേഷതകൾ വേർ തിരിച്ചെഴുതുക



.......................................................................... ..........................................................................

.......................................................................... ..........................................................................

.......................................................................... ..........................................................................

**പ്രവർത്തനം 3**

വിവിധ തരം കൃഷിരീതികളാണ് ചുവടെ കൊടുത്തിരിക്കുന്നത് അവയുടെ സവിശേഷതകൾ പൂർത്തീകരിക്കുക

A തോട്ടവിള കൃഷി
- a) യൂറോപ്പ്യൻമാരാണ് ഈ കൃഷി ആവിഷ്കരിച്ചത്
- b)
- c)

B സമ്മിശ്ര കൃഷി
- a)
- b) ഇടവിളകൃഷിയും വിളവിപര്യയവും
- c)

C വിസ്തൃത വാണിജ്യ ധാന്യ കൃഷി
- a)
- b)
- c)

D ഡയറി ഫാമിങ്ങ്
- a)
- b)
- c)

E മെഡിറ്ററേനിയൻ കൃഷി
- a)
- b)
- c) മുന്തിരികൃഷി ഈ (VITICULTURE) കൃഷിരീതിയുടെ ഒരു സവിശേഷതയാണ്
- d)

F കമ്പോള കൃഷിയും പുഷ്പഫല കൃഷിയും
- a)
- b)
- c) ട്രക്ക് ഫാമിങ്ങ്

G സംഘടിത കൃഷി
- a)
- b) കോൽഖോസ് മോഡൽ
- c)

**പ്രവർത്തനം - 4**

ചുവടെ കൊടുത്തിരിക്കുന്ന ഭൂഗർഭ ഖനനങ്ങളുടെ പ്രത്യേകതകൾ വേർതിരിച്ചെഴുതുക.

**തുറന്ന ഖനനം, ഏറ്റവും എളുപ്പമായവയും ചെലവ് കുറഞ്ഞതും, ആഴത്തിൽ നിന്ന് ഖനനം ചെയ്യുന്നു, ഖനനവേഗതയും ലഭിക്കുന്ന വസ്തുക്കളും കൂടുതലാണ്, ലംബതലത്തിലുള്ള തുരങ്കങ്ങൾ നിർമ്മിക്കുകയും ധാതുക്കൾ പുറത്തെത്തിക്കുകയും ചെയ്യുന്നു, അപകട സാധ്യത കുറവാണ്, അപകട സാധ്യത കൂടുതലാണ്**

| ഉപരിതല ഖനനം | ഭൂഗർഭ ഖനനം |
|---|---|
| ● <br> ● <br> ● | ● <br> ● <br> ● |

**ഉത്തര സൂചിക**

**പ്രവർത്തനം 1**

a) നായാട്ടും ശേഖരണവും
- തീവ്രമായ കാലാവസ്ഥയുള്ള ഇടങ്ങളിലാണ് ശേഖരണം നടത്തിക്കൊണ്ടിരിക്കുന്നത്.
- ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സസ്യങ്ങളെയും ജന്തുക്കളേയും ഉപയോഗിക്കുന്നു.
- വടക്കൻ കാനഡ, വടക്കൻ യൂറേഷ്യ.തെക്കൻ ചിലി, ആമസോൺ തടം, ഉഷ്ണമേഖല ആഫ്രിക്ക, ആസ്ത്രേലിയയുടെ വടക്കൻ അതിര്, തെക്കുകിഴക്കൻ ഏഷ്യയുടെ ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് ശേഖരണം നിലവിലുള്ളത്.

b) കാലിമേച്ചിൽ

- ഭൂമിശാസ്ത്ര ഘടകങ്ങളുടേയും സാങ്കേതിക പുരോഗതിയുടേയും അടിസ്ഥാനത്തിൽ കാലിമേച്ചിൽ ഉപജീവനത്തിനായും വാണിജ്യാടിസ്ഥാനത്തിലും ചെയ്യുന്നു.
- മേച്ചിൽപ്പുറങ്ങളുടെ അളവും ഗുണമേന്മയും ജലലഭ്യതയും അനുസരിച്ച് ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് അവർ സഞ്ചരിക്കുന്നു.
- വേനൽക്കാലങ്ങളിൽ സമതലങ്ങളിൽ നിന്ന് പർവ്വത പ്രദേശത്തെ പുൽമേടിലേക്കും ശൈത്യകാലത്ത് നേരെ തിരിച്ചുമുള്ള ദേശാടനമാണ് ട്രാൻസ്ഹ്യൂമാൻസ്

c) വാണിജ്യാധിഷ്ഠിത മൃഗപരിപാലനം

- പടിഞ്ഞാറൻ സംസ്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു.
- ഒരേയിനം വളർത്തുമൃഗങ്ങളെ മാത്രം പരിപാലിക്കുന്ന പ്രത്യേകതതരം പ്രവർത്തനമാണിത്
- ന്യൂസിലാന്റ്, ആസ്ട്രേലിയ, അർജന്റീന, ഉറുഗ്വായ്, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിൽ കണ്ടു വരുന്നു.

**പ്രവർത്തനം - 2**

| പ്രാചീന ഉപജീവന കൃഷി | തീവ്ര ഉപജീവനകൃഷി |
|---|---|
| • പ്രാചീന ഉപജീവന കൃഷി അല്ലെങ്കിൽ സ്ഥാനാന്തര കൃഷി എന്നറിയപ്പെടുന്നു.<br>• കാട് വെട്ടിത്തെളിച്ച് തീയിടുന്നു. ചാരം മണ്ണിന് വളമാകുന്നു.<br>• മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടമാകുമ്പോൾ കർഷകർ മറ്റിടങ്ങളിലേക്ക് മാറി കാട് വെട്ടിത്തെളിക്കുന്നു.<br>• ഝുമിങ്ങ്, മിൽപ, ലഡാങ്ങ് എന്നീ പേരുകളിൽ അറിയപ്പെടുന്നു | • മൺസൂൺ ഏഷ്യയുടെ ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ കാണപ്പെടുന്നു<br>• നെൽകൃഷിക്ക് പ്രധാന്യമുള്ള തീവ്ര ഉപജീവന കൃഷി<br>• നെല്ല് ഇതര വിളകൾക്ക് പ്രധാന്യമുള്ള തീവ്ര ഉപജീവന കൃഷി |

**പ്രവർത്തനം - 3**

A തോട്ടവിള കൃഷി

b) തോട്ടവിളകളായ തേയില, കാപ്പി, കൊക്കോ, റബർ, തെങ്ങ്, എണ്ണപ്പന, കരിമ്പ്, വാഴ, കൈതച്ചക്ക എന്നിവയാണ് തോട്ടവിളകൾ

c) ഉയർന്ന മുതൽമുടക്ക്, സാങ്കേതിക മാനേജ്മെന്റ്, ശാസ്ത്രീയ കൃഷിരീതികൾ, ഏകവിള പ്രത്യേകത, മികച്ച ഗതാഗത സംവിധാനങ്ങൾ എന്നിവയാണ് തോട്ടുവിളയുടെ പ്രത്യേകതകൾ,

B സമ്മിശ്ര കൃഷി

a) അതിവികസിത പ്രദേശങ്ങളിലാണ് സമ്മിശ്ര കൃഷി കണ്ടുവരുന്നത്

c) കാർഷിക വിളകളോടൊപ്പം മൃഗപരിപാലനത്തിനും തുല്യപ്രാധാന്യം നൽകുന്നു.

C വിസ്തൃത വാണിജ്യകൃഷി

a) മധ്യ അക്ഷാംശ പ്രദേശത്തിന്റെ അർധവരണ്ട ഉൾപ്രദേശങ്ങളിലാണ് കണ്ടുവരുന്നതാണ്.

b) മുഴുവൻ പ്രവർത്തനങ്ങളും യന്ത്രവൽകൃതമാണ്.

e) യൂറോപ്യൻ സ്റ്റെപ്പി, കാനഡയിലേയും അമേരിക്കയിലേയും പ്രയറി, അർജന്റീനയിലെ പാമ്പാസ്, ദക്ഷിണ ആഫ്രിക്കയിലെ വെൽഡ്സ് തുടങ്ങിയ പ്രദേശങ്ങളിലാണ് കണ്ടുവരുന്നത്.

D ഡയറി ഫാമിംങ്ങ്

a) അത്യാധുനിക രീതിയിൽ പാലുൽപ്പാദിപ്പിക്കുന്ന മൃഗങ്ങളെ വളർത്തുന്ന രീതിയാണിത്.

b) വൻതോതിൽ മൂലധനം ആവശ്യമുള്ളതാണ്

c) മൃഗങ്ങളുടെ പ്രജനനം, ആരോഗ്യ സംരക്ഷണം, മൃഗപരിപാലനങ്ങൾ എന്നിവയ്ക്ക് പ്രധാന്യം നൽകുന്നു.

E മെഡിറ്ററേനിയൻ കൃഷി

a) ഒരു സവിശേഷ വാണിജ്യ കൃഷിരീതിയാണിത്.
b) മെഡിറ്ററേനിയൻ കടലിന്റെ ഇരുകരകളിലുള്ള യൂറോപ്പ്, ടുണീഷ്യ മുതൽ ഉത്തര ആഫ്രിക്ക, തെക്കൻ കാലിഫോർണിയ, ചിലി തുടങ്ങിയ പ്രദേശങ്ങൾ വരെ വ്യാപിച്ചു കിടക്കുന്നു.
d) പഴങ്ങളും പച്ചക്കറികളും ശൈത്യകാലങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു എന്നതാണ് ഈ കൃഷിരീതിയുടെ പ്രത്യേകത.

F കമ്പോള കൃഷിയും പുഷ്പഫല കൃഷിയും

a) നഗരകമ്പോളങ്ങൾ മാത്രം ലക്ഷ്യമാക്കി ഉയർന്ന മൂല്യമുള്ള വിളകളായ പച്ചക്കറികളും പഴങ്ങളും പുഷ്പങ്ങളും കൃഷി ചെയ്യുന്നു.
b) മൂലധന തീവ്രം, തൊഴിലാളിതീവ്രം, രാസവളം,കീടനാശിനി തുടങ്ങിയവ അത്യാവശ്യ മാണ്

G സംഘടിത കൃഷി

a) സാമൂഹിക ഉടമസ്ഥതയിലുള്ള ഉൽപ്പാദന രീതിയും സംഘടിത തൊഴിലുമാണ് ഇതിന്റെ രീതി.
c) കർഷകർ അവരുടെ ഭൂമി, വളർത്തുമൃഗങ്ങൾ, അധ്വാനം എന്നിവ നൽകുന്നു.

**പ്രവർത്തനം 4**

| ഉപരിതല ഖനനം | ഭൂഗർഭ ഖനനം |
|---|---|
| • തുറന്ന ഖനനം<br>• ഏറ്റവും എളുപ്പമായതും ചെലവ് കുറഞ്ഞതും<br>• ഖനന വേഗതയും ലഭിക്കുന്ന വസ്തുക്കളും കൂടുതലാണ്.<br>• അപകടസാധ്യത കുറവാണ്. | • ആഴത്തിൽ നിന്ന് ഖനനം ചെയ്യുന്നു.<br>• ലംബതലത്തിലുള്ള തുരങ്കങ്ങൾ നിർമിക്കുകയും ധാതുക്കൾ പുറത്തെത്തിക്കുകയും ചെയ്യുന്നു.<br>• അപകടസാധ്യത കൂടുതലാണ്. |

**വിലയിരുത്തൽ**

1. സാമ്പത്തിക പ്രവർത്തനങ്ങൾ എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
2. വെട്ടിച്ചുട്ട് കൃഷി എന്നാൽ എന്ത്?
3. സഹകരണ കൃഷിയുടെ സവിശേഷതകൾ വിശദമാക്കുക?
4. ഖനനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ?

# അധ്യായം 6
# ദ്വിതീയ പ്രവർത്തനങ്ങൾ


അസംസ്കൃത വസ്തുക്കളെ മൂല്യവർദ്ധിത വസ്തുക്കളാക്കി മാറ്റുന്ന ദ്വിതീയ പ്രവർത്തനങ്ങളായ ഉൽപാദന വ്യവസായങ്ങളെക്കുറിച്ചും അവയുടെ വിതരണവും സവിശേഷതകളുമാണ് ഈ അധ്യായ ത്തിൽ പഠനവിധേയമാക്കുന്നത്.

**പ്രധാന ആശയങ്ങൾ**

- വൻകിട വ്യവസായ ശാലകളുടെ സവിശേഷതതകൾ.
- വ്യവസായ ശാലകളുടെ സ്ഥാനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ.
- ഉൽപാദന വ്യവസായ ശാലകളുടെ വർഗീകരണം.
  - വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ.
  - അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ
  - ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കി
  - ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ
- പരമ്പരാഗത വൻകിട വ്യാവസായിക പ്രദേശങ്ങൾ
  - ഇരുമ്പുരുക്ക് വ്യാവസായം
  - പരുത്തിത്തുണി വ്യവസായം
- ഹൈടെക് വ്യവസായങ്ങൾ
- ടെക്നോ പോളിസുകൾ

**പ്രവർത്തനം 1**

താഴെ കൊടുത്തിരിക്കുന്ന വൻകിട വ്യവസായ ശാലകളുടെ സവിശേഷതകൾ ഉൾക്കൊള്ളുന്ന പദസൂര്യൻ പൂർത്തീകരിക്കുക.



**പ്രവർത്തനം – 2**

വ്യവസായ ശാലകളുടെ സ്ഥാനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്ന കവറുകളാണ് ചുവടെ കൊടുത്തിരിക്കുന്നത്. അവയുമായി ബന്ധപ്പെട്ട ആശയങ്ങൾ കവറിൽ നിറക്കുക.

**വിപണി സാമീപ്യം**

- ☐ ......................................................
  ......................................................
  ......................................................

**അസംസ്കൃത വസ്തുക്കളുടെ ലഭ്യത**

- ☐ ......................................................
  ......................................................
  ......................................................

**തൊഴിൽ സമീപനം**

- ☐ ......................................................
  ......................................................
- ☐ ......................................................
  ......................................................

**ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങളുടെ ലഭ്യത**

- ☐ ......................................................
  ......................................................
  ......................................................

**ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യത**

- ☐ ......................................................
  ......................................................
  ......................................................

**സർക്കാർ നയം**


- ☐ ......................................................
  ......................................................
  ......................................................

**സമ്പദ് വ്യവസ്ഥകളുടെ സഞ്ചയം**

- ☐ ......................................................
  ......................................................
  ......................................................

**പ്രവർത്തനം 3**

ഉൽപ്പാദന വ്യവസായങ്ങളുടെ വർഗീകരണം സൂചിപ്പിക്കുന്ന ഫ്ളോ ചാർട്ടാണ് ചുവടെ കൊടുത്തിരിക്കുന്നത്. അവയിൽ വിട്ടുപോയ ഭാഗം പൂർത്തിയാക്കുക.



**പ്രവർത്തനം - 4**

താഴെ കൊടുത്തിരിക്കുന്ന വ്യവസായ ശാലകളുടെ സവിശേഷതകളും സ്ഥാനവും സൂചിപ്പിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| വ്യവസായ ശാലകൾ | സവിശേഷതകൾ | സ്ഥാനം (വിതരണം) |
|---|---|---|
| ഇരുമ്പുരുക്ക് വ്യവസായങ്ങൾ | • .................<br>• .................<br>• ................. | • .................<br>• ................. |
| പരുത്തിത്തുണി വ്യവസായം | • കൈത്തറി, യന്ത്രത്തറി, തുണി മില്ല് മേഖലയിലാണ് പരുത്തിത്തുണി വ്യവസായത്തിനുള്ളത്<br>•<br>• | • ................. |
| ഹൈടെക് വ്യവസായം | വ്യാവസായിക പ്രവർത്തനത്തിലെ ഏറ്റവും ആധുനിക പ്രവണതയാണ് അതി സാങ്കേതികത<br>• .................<br>• ................. | • .................<br>• ................. |

**ഉത്തര സൂചിക**

**പ്രവർത്തനം 1**

A - നൈപുണ്യങ്ങളുടെ വൈദഗ്ധ്യം
B - യന്ത്രവൽക്കരണം
C - ഘടനാസംവിധാനവും ഭരണപരമായ തരംതിരിവും.

**പ്രവർത്തനം 2**

**വിപണി സാമീപ്യം**

- വിപണി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജനങ്ങൾക്ക് ഉൽപ്പന്നം വാങ്ങാനുള്ള പ്രാപ്തിയുണ്ടായിരിക്കുക എന്നതാണ്.

**അസംസ്കൃത വസ്തുക്കളുടെ ലഭ്യത**

- അസംസ്കൃത വസ്തുക്കൾ സുലഭവും എളുപ്പത്തിൽ ചരക്ക് നീക്കം നടത്താൻ കഴിയുന്നതുമായിരിക്കണം.

**തൊഴിൽ സമീപനം**

- വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത വ്യവസായത്തിന് അത്യാവശ്യമാണ്.
- അതിയന്ത്രവൽകരണം തൊഴിലാളികളുടെ ആശ്രയത്വം കുറച്ചിട്ടുണ്ട്.

**ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങളുടെ ലഭ്യത**

- അസംസ്കൃത വസ്തുക്കൾ വ്യവസായ ശാലകളിൽ എത്തിക്കാനും ഉൽപാദന വസ്തുക്കൾ വിപണികളിൽ എത്തിക്കാനും ഗതാഗത സൗകര്യങ്ങൾ അത്യാവശ്യമാണ്.

**ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യത**

- അലുമിനീയം പോലുള്ള ഊർജം കൂടുതൽ ഉപയോഗിക്കുന്ന വ്യവസായ ശാലകൾ സ്ഥാപിക്കുന്നത് ഊർജ ശ്രോതസ്സിനടുത്താണ്.

**സർക്കാർ നയം**

- സർക്കാരിന്റെ പ്രാദേശിക നയങ്ങൾ വ്യവസായശാലയുടെ സ്ഥാനത്തെ സ്വാധീനിക്കുന്നു.

**സമ്പദ് വ്യവസ്ഥകളുടെ സഞ്ചയം**

- അടുത്തുള്ള മുഖ്യവ്യവസായവും മറ്റുള്ള വ്യവസായ ശാലകളും അനേകം വ്യവസായ ശാലകൾക്ക് നേട്ടമാകാറുണ്ട്.

**പ്രവർത്തനം 3**

A അസംസ്കൃത വസ്തുക്കൾ
B ഉടമസ്ഥത
C കുടിൽ വ്യവസായം
D ചെറുകിട വ്യവസായം
E കരകൗശലം

F ധാതുഅടിസ്ഥാനം
G രാസ അടിസ്ഥാനം
H വന അടിസ്ഥാനം
I മൃഗ അടിസ്ഥാനം
J ഉപഭോക്തൃ അടിസ്ഥാനം
K അലോഹങ്ങൾ
L തുണിത്തരങ്ങൾ
M വാഹനങ്ങൾ
N ഇരുമ്പിന്റെ അംശമുള്ളവ
O ഇരുമ്പും ഉരുക്കും
P ചെമ്പ്, അലുമിനീയം, രത്നം

**പ്രവർത്തനം - 4**

| വ്യവസായശാലകൾ | സവിശേഷതകൾ | സ്ഥാനം (വിതരണം) |
|---|---|---|
| ഇരുമ്പുരുക്ക് വ്യവസായങ്ങൾ | • അടിസ്ഥാന വ്യവസായം എന്ന് വിളിക്കുന്നു<br>•ഇവയെ ഘനവ്യവസായം എന്ന് വിളിക്കുന്നു<br>•കാർബണും ചുണ്ണാമ്പും ചേർത്ത് ബ്ലാസ്റ്റ് ഫർണസുകൾ ഉരുക്കിയാണ് ഇരുമ്പയിര് വേർതിരിച്ചെടുക്കുന്നത് | •വടക്കേ അമേരിക്കയിലേയും യൂറോപ്പിലേയും വിവിധ രാജ്യങ്ങളിൽ<br>•യു.കെ, ജർമ്മനി, ഫ്രാൻസ്. ബൽജിയം, ലക്സംബർഗ് |
| പരുത്തിത്തുണി വ്യവസായം | •തൊഴിലാളി തീവ്രവും, അർദ്ധ നൈപുണ്യതൊഴിലാളികളെ ആവശ്യമുള്ളതുമാണിത്.<br>•കുറഞ്ഞ മൂലധന നിക്ഷേപം മാത്രമേ ഇതിന് ആവശ്യമുള്ളു | •അസംസ്കൃത പരുത്തി ഉൽപാദനത്തിന്റെ പകുതിയും ഇന്ത്യ, ചൈന, യു.എസ്.എ, പാക്കിസ്ഥാൻ, ഉസ്ബക്കിസ്ഥാൻ, ഈജിപ്ത് എന്നിവിടങ്ങളിലാണ്. |
| ഹൈടെക് വ്യവസായം | •ഏറ്റവും പുരോഗമിച്ച ശാസ്ത്രീയവും എഞ്ചിനീയറിംങ് സ്വഭാവത്തോടുകൂടിയതുമായ വർദ്ധിച്ച ഗവേഷണ വികസനങ്ങളുടെ ഉപയോഗങ്ങളിലൂടെ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നു.<br>• ഏറിയ പങ്കും വിദേശതൊഴിലാളികളാണ്. | •ടെനോപോളിസുകൾ<br>•സാൻഫ്രാൻസിസ്കോവിന് അടുത്തുള്ള സിലിക്കൺവാലിയും സിറ്റിലിന് അടുത്തുള്ള സിലിക്കൺ ഫോറസ്റ്റും ടെക്നോ പോളിസുകൾക്ക് ഉദാഹരണമാണ്. |

**വിലയിരുത്തൽ**

1. വൻകിട വ്യവസായശാലകളുടെ സവിശേഷതകൾ കണ്ടെത്തി വിശദീകരിക്കുക
2. വ്യവസായ ശാലകളെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ വർഗീകരിക്കുക.
3. അടിസ്ഥാന വ്യവസായവും ഉപഭോക്തൃ അടിസ്ഥാന വ്യവസായവും തമ്മിൽ താരതമ്യം ചെയ്യുക
4. ടെക്നോപോളിസുകൾ എന്നാൽ എന്ത്? ഉദാഹരണ സഹിതം വിശദീകരിക്കുക

# അധ്യായം 7
# തൃതീയ പ്രവർത്തനങ്ങളും ചതുർത്ഥ പ്രവർത്തനങ്ങളും

ജീവസന്ധാരണത്തിനായി മനുഷ്യർ നിരവധിയായി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ജനസമൂഹങ്ങൾക്കാവശ്യമായ വിവിധ തരം സേവനങ്ങൾ ഉൾപ്പെടുന്നതാണ് തൃതീയ മേഖല അഥവാ സേവന മേഖല. വിവിധ തരം സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ലഭിക്കുന്നതിന് നിരന്തരമായ ഗവേഷണ പഠനങ്ങൾ ആവശ്യമാണ്. അത്തരം തൊഴിലുകൾ ഉൾപ്പെടുന്ന മേഖലയാണ് ചതുർത്ഥ മേഖല. ഏറ്റവും ഉയർന്ന തലത്തിലുള്ള തീരുമാനങ്ങളെടുക്കുന്ന തൊഴിൽ മേഖലയാണ് പഞ്ചമ മേഖല. വിവിധ തൃതീയ പ്രവർത്തനങ്ങൾ, ചതുർത്ഥ പ്രവർത്തനങ്ങൾ, പഞ്ചമ പ്രവർത്തനങ്ങൾ ഇവയെക്കുറിച്ചാണ് ഈ അധ്യായം ചർച്ച ചെയ്യുന്നത്.

**പ്രധാന ആശയങ്ങൾ**

- തൃതീയ പ്രവർത്തനങ്ങൾ
- ചതുർത്ഥ പ്രവർത്തനങ്ങൾ
- വിവിധ തൃതീയ മേഖലകൾ (ഫ്ളോ ചാർട്ട്)
- വ്യാപാരവും വാണിജ്യവും
- ഗതാഗതത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ
- വിനോദസഞ്ചാരം - സ്വാധീനിക്കുന്ന ഘടകങ്ങൾ
- പഞ്ചമ പ്രവർത്തനങ്ങൾ
- ഡിജിറ്റൽ വേർതിരിവ്
- പുറം കരാർ

**പ്രവർത്തനം 1**

വിവിധങ്ങളായ തൊഴിലുകളാണ് ചുവടെ നൽകിയിട്ടുള്ള ബോക്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയെ തൃതീയ പ്രവർത്തനങ്ങൾ, ചതുർത്ഥ പ്രവർത്തനങ്ങൾ എന്നിങ്ങനെ തരം തിരിക്കുക.

| |
|---|
| **അധ്യാപകർ, ഡ്രൈവർ, ശാസ്ത്രജ്ഞർ, ഡോക്ടർ, ഗവേഷകർ, ഇലക്ട്രീഷൻ, ക്ഷുരകൻ, സോഫ്റ്റ്‌വെയർ എഞ്ചിനീയർ** |

**പ്രവർത്തനം - 2**

താഴെ നൽകിയിട്ടുള്ള മനുഷ്യ പ്രവർത്തനങ്ങളിൽ പഞ്ചമ പ്രവർത്തനങ്ങളിൽ ഉൾപ്പടുന്നതേത്? ഈ മനുഷ്യപ്രവർത്തനത്തിന്റെ പ്രത്യേകതയെന്ത്?

| |
|---|
| **ഡോക്ടർ, ഗവേഷകൻ, പ്ലംബർ, ശാസ്ത്രജ്ഞൻ, മന്ത്രി** |

**പ്രവർത്തനം - 3**

ഗ്രാമീണ വ്യാപാര കേന്ദ്രങ്ങൾക്ക് ചില സവിശേഷതകളുണ്ട്. അവ രേഖപ്പെടുത്തിക്കൊണ്ട് ചുവടെ നൽകിയിട്ടുള്ള പദസൂര്യൻ പൂർത്തിയാക്കുക.




**പ്രവർത്തനം - 4**

ചില്ലറ വ്യാപാരവും മൊത്തവ്യാപാരവും തമ്മിൽ താരതമ്യം ചെയ്യുക

**പ്രവർത്തനം - 5**

ഗതാഗത ദൂരത്തെക്കുറിച്ചുള്ള ഫ്ളോ ചാർട്ട് പൂർത്തിയാക്കുക




**പ്രവർത്തനം 6**

ചുവടെ ചേർത്തിട്ടുള്ളവയിൽ ഐസോക്രോൺ രേഖയെ സംബന്ധിച്ച ശരിയായ പ്രസ്താവന ഏത്?

A) ഒരേ സമയം കൊണ്ട് സഞ്ചരിച്ചെത്താവുന്ന സ്ഥലങ്ങളെ യോജിപ്പിച്ചുകൊണ്ട് ഭൂപടത്തിൽ വരയ്ക്കുന്ന രേഖകൾ


B) ഒരേ മർദ്ദം അനുഭവപ്പെടുന്ന സ്ഥലങ്ങളെ യോജിപ്പിച്ചുകൊണ്ട് ഭൂപടത്തിൽ വരയ്ക്കുന്ന രേഖകൾ

C) ഒരേ താപനില അനുഭവപ്പെടുന്ന സ്ഥലങ്ങളെ യോജിപ്പിച്ചുകൊണ്ട് ഭൂപടത്തിൽ വരയ്ക്കുന്ന രേഖകൾ

D) ഒരേ ചെലവിൽ സഞ്ചരിച്ചെത്താവുന്ന സ്ഥലങ്ങളെ യോജിപ്പിച്ചുകൊണ്ട് ഭൂപടത്തിൽ വരയ്ക്കുന്ന രേഖകൾ

**പ്രവർത്തനം 7**

ഗതാഗതത്തെ സ്വാധീനിക്കുന്ന രണ്ടു ഘടകങ്ങൾ ഉൾപ്പെടുത്തി താഴെ നൽകിയിട്ടുള്ള ഡയഗ്രം പൂർത്തിയാക്കൂ.



**പ്രവർത്തനം - 8**

വിവിധ മനുഷ്യ പ്രവർത്തനങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്. ഇവയിൽ നിന്നും ഏറ്റവും ഉയർന്ന ശ്രേണിയിൽപ്പെടുന്ന മനുഷ്യപ്രവർത്തനം ഏത്? ഇത് ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു?

**(ഡോക്ടർ, അഭിഭാഷകൻ, സോഫ്റ്റ്‌വെയർ എഞ്ചിനീയർ, എം.എൽ.എ)**

**പ്രവർത്തനം - 9**

നൽകിയിട്ടുള്ള സൂചനയുടെ അടിസ്ഥാനത്തിൽ പ്രതിഭാസം ഏതെന്ന് കണ്ടെത്തി എഴുതുക.

സൂചന: *വിവര നിയമ സാങ്കേതിക വിദ്യയുടെ വിതരണത്തിലെ അസമത്വം*

**പ്രവർത്തനം - 10**

തിരുവനന്തപുരം ടെക്നോപാർക്കിലെ ഒരു ഐ.ടി. കമ്പനിയ്ക്ക് അമേരിക്കയിലെ ഒരു സ്ഥാപനം അവർക്കാവശ്യമായ സോഫ്റ്റ്‌വെയർ ഓർഡർ നൽകുന്നു. ഈ സമ്പ്രദായത്തിനു പറയുന്ന പേരെന്ത്?

**ഉത്തര സൂചിക**

**പ്രവർത്തനം 1**

തൃതീയ പ്രവർത്തനങ്ങൾ:- അധ്യാപകർ, ഡ്രൈവർ, ഡോക്ടർ, ക്ഷുരകൻ, എഞ്ചിനീയർ

ചതുർത്ഥ പ്രവർത്തനങ്ങൾ:- ഗവേഷകർ, ശാസ്ത്രജ്ഞർ, സോഫ്റ്റ്വെയർ എഞ്ചിനീയർ

**പ്രവർത്തനം - 2**

മന്ത്രി

**പ്രവർത്തനം - 3**

- ലളിതമായ വ്യാപാര കേന്ദ്രങ്ങൾ
- വേണ്ടത്ര വികാസം പ്രാപിച്ചവയാണ്
- വ്യക്തിഗത വിശിഷ്ട സേവനങ്ങൾ വികാസം പ്രാപിച്ചിട്ടില്ല
- ഇവയിൽ ഭൂരിഭാഗം കേന്ദ്രങ്ങളും മൊത്ത വ്യാപാര കേന്ദ്രങ്ങളാണ്

**പ്രവർത്തനം - 4**

| ചില്ലറ വ്യാപാരം | മൊത്ത വ്യാപാരം |
|---|---|
| • ഉല്പന്നങ്ങൾ ഉപഭോക്താക്കൾ നേരിട്ടുവിൽക്കുന്നു<br>• കച്ചവടസ്ഥാപനങ്ങൾ വഴിയോ കച്ചവടത്തിനായി മാത്രമുള്ള സ്റ്റോറുകൾ വഴിയോ നടക്കുന്നു.<br>• തെരുവുതോറും കൊണ്ടുനടന്നുള്ള വില്പന, വീടുകളിൽ കയറ്റിയിറങ്ങിയുള്ള വിൽപന | • ഇടനിലക്കാർ വഴിയും കച്ചവട കേന്ദ്രങ്ങൾ വഴിയും നടക്കുന്ന വൻതോതിലുള്ള വ്യാപാരം<br>• ശൃംഖലാ സ്റ്റോറുകൾ ഉൾപ്പെടെയുള്ള വൻകിട സ്ഥാപനങ്ങൾ ഉല്പാദകരിൽ നിന്നും നേരിട്ടു വാങ്ങുന്നു<br>• മൊത്ത വ്യാപാരികൾ ചില്ലറ വ്യാപാരികൾക്ക് കടമായി ഉല്പന്നങ്ങൾ നൽകുന്നു |

**പ്രവർത്തനം - 5**

- കിലോമീറ്റർ - പാതയുടെ യഥാർത്ഥ ദൂരം
- സമയദൂരം - ഒരു നിശ്ചത പാതയിലൂടെ സഞ്ചരിക്കാനെടുക്കുന്ന സമയം
- ചിലവ് ദൂരം- ഒരു നിശ്ചിത പാതയിൽ സഞ്ചരിക്കാനാവശ്യമായ ചിലവ്

**പ്രവർത്തനം - 6**

ഒരേ സമയംകൊണ്ട് സഞ്ചരിച്ചെത്താവുന്ന സ്ഥലങ്ങളെ യോജിപ്പിച്ചുകൊണ്ട് ഭൂപടത്തിൽ വരയ്ക്കുന്ന രേഖകൾ

**പ്രവർത്തനം - 7**

- ആവശ്യകത
- പാതകൾ

**പ്രവർത്തനം - 8**

എം.എൽ.എ, പഞ്ചമവിഭാഗത്തിൽ ഉൾപ്പെടുന്നു.

**പ്രവർത്തനം - 9**

ഡിജിറ്റൽ വിഭാഗത്തിൽ ഉൾപ്പെടുന്നു

**പ്രവർത്തനം 10**

ഔട്ട് സോഴ്സിംങ്

**വിലയിരുത്തൽ**

1. വിനോദസഞ്ചാരത്തിന്റെ ആകർഷണഘടകങ്ങളെക്കുറിച്ച് വിശദീകരിക്കുക.
2. ആതുര വിനോദസഞ്ചാരത്തെക്കുറിച്ച് ഒരു ചെറുകുറിപ്പ് തയാറാക്കുക.
3. ഡിജിറ്റൽ വേർതിരിച്ച് എന്നത് നിർവചിക്കുക.

# അധ്യായം 8

# ഗതാഗതവും വാർത്താവിനിമയവും

സാധനങ്ങളെയും മനുഷ്യരെയും ഒരിടത്തു നിന്നും മറ്റൊരിടത്തേക്കു കൊണ്ടുപോകുന്ന സേവനമാണ് ഗതാഗതം. ആശയങ്ങളുടെ/വിവരങ്ങളുടെ ശേഖരണമാണ് വാർത്താവിനിമയം. വിവിധതരം ഗതാഗത വാർത്താവിനിമയ സംവിധാനങ്ങളെക്കുറിച്ചും അവ ഓരോന്നിന്റേയും സവിശേഷതകളെക്കുറിച്ചുമാണ് ഈ അധ്യായം ചർച്ച ചെയ്യുന്നത്.


**പ്രധാന ആശയങ്ങൾ**

- ഗതാഗതം
- ഗതാഗത ശൃംഖല - നോഡ്, ലിങ്ക്
- ഗതാഗത മാർഗങ്ങൾ
- കര ഗതാഗതം
- റോഡ് ഗതാഗതം
- അതിർത്തി റോഡുകൾ, ഹൈവേകൾ
- റെയിൽ ഗതാഗതം
- ഭൂഖണ്ഡാന്തര റെയിൽ പാതകൾ
- ജല ഗതാഗതം
- സമുദ്രപാതകൾ - പ്രധാന സമുദ്രപാതകൾ
- ഉൾനാടൻ ജലപാതകൾ
- ഉൾനാടൻ ജലപാതകളുടെ പ്രാധാന്യം
- കപ്പൽ കനാലുകൾ - സൂയസ് കനാൽ, പനാമ കനാൽ
- വ്യോമ ഗതാഗതം - മേന്മകൾ
- പൈപ്പ് ലൈനുകൾ - പ്രാധാന്യം
- ആശയവിനിമയം
- സൈബർ ഇടങ്ങൾ - ഇന്റർനെറ്റ്

**പ്രവർത്തനം 1**

ഗതാഗതവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ഫ്ളോ ചാർട്ട് പൂർത്തിയാക്കൂ. അതിൽ നിന്നും ഗതാഗതത്തിന്റെ നിർവചനം രൂപപ്പെടുത്തൂ.

**ഗതാഗത മാർഗങ്ങൾ**




**പ്രവർത്തനം 2**

വാഹന ഒഴുക്കുമായി ബന്ധപ്പെട്ട് ഉപയോഗിക്കപ്പെടുന്ന രണ്ടു പ്രധാന പദങ്ങൾ കണ്ടെത്തൂ. ഇവയെ എങ്ങനെ വിശദീകരിക്കാം?

**പ്രവർത്തനം 3**

ഹൈവേയുടെ സവിശേഷതകൾ ഉൾപ്പെടുത്തിക്കൊണ്ട് ചുവടെ നൽകിയിട്ടുള്ള പദസൂര്യൻ പൂർത്തിയാക്കുക. പദസൂര്യന് ആവുന്നത്ര രശ്മികൾ ചേർത്ത് അവയിൽ ആശയങ്ങൾ നിറക്കാൻ ശ്രമിക്കുക.




**പ്രവർത്തനം 4**

ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുന്നോട്ട് വെക്കാവുന്ന പരിഹാര നിർദേശങ്ങൾ പട്ടികപ്പെടുത്തുക.

**പ്രവർത്തനം 5**

ലോകത്തിലെ റെയിൽപാതകളെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പട്ടിക പൂർത്തിയാക്കൂ.

<u>ലോകത്തിലെ റെയിൽപാതകൾ</u>

- ഏറ്റവുമധികം റെയിൽ ശൃംഖലയുള്ളത് യൂറോപ്പിലാണ്.
- യൂറോപ്പിന്റെ പടിഞ്ഞാറ് ഭാഗത്തെ റെയിൽ ഗതാഗതപാതകളുടെ പ്രധാന കേന്ദ്രം മോസ്കോയാണ്.
- --------
- --------

**പ്രവർത്തനം 6**

ചുവടെ നൽകിയിരിക്കുന്ന കോളം എ യിൽ ഭൂഖണ്ഡാന്തര റെയിൽപാതകളുടെ പേരുകൾ നൽകിയിരിക്കുന്നു. അവയിലേക്ക് യോജിക്കുന്നവ നൽകി കോളം ബി പൂരിപ്പിക്കുക.

| എ | ബി |
|---|---|
| • ട്രാൻസ് സൈബീരിയൻ റെയിൽപാത | - - - - - - - - - - - - - - - - |
| • ട്രാൻസ് കനേഡിയൻ | - - - - - - - - - - - - - - - - |
| • യൂണിയൻ ആന്റ് പെസഫിക് | - - - - - - - - - - - - - - - - |
| • ആസ്ട്രേലിയൻ | - - - - - - - - - - - - - - - - |
| • ഓറിയന്റ് എക്സ്പ്രസ് | - - - - - - - - - - - - - - - - |

***സെന്റ് പീറ്റേർസ്ബർഗ് - വ്ളാഡിവോസ്റ്റോക്ക്, പാരിസ് - ഇസ്താംബൂൾ, ന്യൂയോർക്ക് - സാൻഫ്രാൻസിസ്കോ, പെർത്ത് - സിഡ്നി, ഹാലിഫാക്സ് - വാൻകൂവർ***


**പ്രവർത്തനം 7**

ജലഗതാഗതത്തിന് ധാരാളം മേന്മകളുണ്ട്. ചുവടെ നൽകിയിരിക്കുന്ന സൂചന മനസിലാക്കി ജലഗതാഗതത്തിന്റെ മറ്റ് മേന്മകൾ പട്ടികപ്പെടുത്തുക.

- പാതകൾ നിർമിക്കേണ്ടതില്ല
- പല വലിപ്പത്തിലുള്ള കപ്പലുകൾക്ക് യഥേഷ്ടം സഞ്ചരിക്കുവാൻ സാധിക്കുന്നു.
- .............
- .............

**പ്രവർത്തനം 8**

ലോകത്തിലെ പ്രധാന സമുദ്രപാതകളെ കാണിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.




**പ്രവർത്തനം 9**

ഉത്തര അറ്റ്ലാന്റിക് പാതയുടെ പ്രധാന സവിശേഷതകൾ ഉൾപ്പെടുത്തി ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

ഉത്തര അറ്റ്ലാന്റിക് സമുദ്ര പാത

→ ലോകത്തിലെ വ്യാവസായിക വികസന മേഖലകളായ വടക്കു - കിഴക്കൻ യു.എസ്.എ. യും വടക്ക് പടിഞ്ഞാറൻ യൂറോപ്പിനെയും തമ്മിൽ ബന്ധിപ്പിക്കുന്നു.

→ ........................................................................................................................

→ ........................................................................................................................

→ ........................................................................................................................

**പ്രവർത്തനം 10**

ഉൾ നാടൻ ജലഗതാഗതത്തിന്റെ ചില സവിശേഷതകൽ ചുവടെ കൊടുത്തിരിക്കുന്നു. അവയിൽ ശരിയും തെറ്റും വേർതിരിച്ചെഴുതുക.

എ) ചരക്കുകളുടെയും ജനങ്ങളുടെയും ഗതാഗതത്തിന് ബോട്ടുകളും സ്റ്റീമറുകളും ഉപയോഗിക്കുന്നു. ☐


ബി) ഉൾനാടൻ ജലഗതാഗതത്തിന്റെ വികാസത്തെ ഗതാഗത യോഗ്യത, ചാനലുകളുടെ ആഴവും വീതിയും തുടങ്ങിയവയൊന്നും സ്വാധീനിക്കുന്നില്ല. ☐

സി) ഇടതൂർന്ന വനങ്ങളിൽ നദികളാണ് ഒരേയൊരു ഗതാഗതമാർഗം ☐

ഡി) പ്രാചീനകാലത്ത് ഇന്ത്യപോലുള്ള രാജ്യങ്ങളിൽ നദികളായിരുന്നു മുഖ്യഗതാഗത പാതകൾ ☐

**പ്രവർത്തനം 11**

ലോകത്തിലെ സുപ്രധാന ഉൾനാടൻ ജലപാതകളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ഡയഗ്രം പൂർത്തിയാക്കുക.




**ഉത്തരങ്ങൾ**

1. ♦ കരമാർഗം
   ♦ ജലമാർഗം
   ♦ വ്യോമമാർഗം


   ജനങ്ങളെയും സാധനങ്ങളെയും ഒരിടത്തു നിന്നും മറ്റൊരിടത്തേക്കുകൊണ്ടു പോകുന്ന സേവനമാണ് ഗതാഗതം

2. ♦ പീക്ക്
   ♦ ട്രഫ്

   പീക്ക് - റോഡുകളിലെ ഏറ്റവും തിരക്കേറിയ സമയം

   ടേഫ് - റോഡുകളിലെ തിരക്കു കുറഞ്ഞ സമയം

3.




4

- ഉയർന്ന പാർക്കിംഗ് ഫീസ്
- മാസ് റാപ്പിഡ് ട്രാൻസിറ്റ്
- മെച്ചപ്പെട്ട പൊതു ബസ് സർവ്വീസ്
- അതിവേഗപാതകൾ

5

- ഏറ്റവുമധികം ഗതാഗതശൃഖലകളുള്ള വൻകരകളിലൊന്നാണ് വടക്കേ അമേരിക്ക.
- കാനഡയിൽ ജനവാസം കുറഞ്ഞ മേഖലകളിൽ പോലും റെയിൽ ഗതാഗതം പൊതുമേഖലയിൽ പ്രവർത്തിക്കുന്നു.

അല്ലെങ്കിൽ

മറ്റേതെങ്കിലും പ്രധാനപ്പെട്ട ആശയങ്ങൾ

6

| എ | ബി |
|---|---|
| ട്രാൻസ് - സൈബീരിയൻ | സെന്റ് പീറ്റേഴ്സ് ബർഗ് - വ്ളാസിവോസ്റ്റോക്ക് |
| ട്രാൻസ്-കനേഡിയൻ | ഹാലിഫാക്സ് - വാൻകൂവർ |
| യൂണിയൻ ആൻഡ് പസഫിക് | ന്യൂയോർക്ക് - സാൻഫ്രാൻസിസ്കോ |
| ആസ്ട്രേലിയൻ | പെർത്ത് - സിഡ്നി |
| ഓറിയന്റ് എക്സ്പ്രസ് | പാരീസ് - ഇസ്താംബൂൾ |

7.

- പാതകൾ നിർമിക്കേണ്ടതില്ല
- പല വലിപ്പത്തിലുള്ള കപ്പലുകൾക്ക് യഥേഷ്ടം സഞ്ചരിക്കുവാൻ സാധിക്കുന്നു.
- ചെലവ് കുറവ്
- ഊർജ ചെലവ് താരതമ്യേന കുറവ്

8.

- ഉത്തര അറ്റ്ലാന്റിക് സമുദ്രപാത
- മെഡിറ്ററേനിയൻ - ഇന്ത്യൻ മഹാസമുദ്ര പാത.
- കേപ്പ് ഓഫ് ഗുഡ് ഹോപ്പ് പാത.
- ദക്ഷിണ അറ്റ്ലാന്റിക് സമുദ്രപാത.

- ഉത്തര പസഫിക് സമുദ്രപാത.
- ദക്ഷിണ പസഫിക് സമുദ്രപാത.

9.

- ആകെ വിദേശവ്യാപാരത്തിന്റെ നാലിലൊന്ന് ഈ പാതയിലൂടെ നടക്കുന്നു.
- ലോകത്തിലെ ഏറ്റവും തിരക്കേറിയ സമുദ്രപാത
- ബിഗ്ട്രങ്ക് റൂട്ട് എന്നുമറിയപ്പെടുന്നു.

10.

| | | | |
|---|---|---|---|
| എ) | √ | ബി) | x |
| സി) | √ | ഡി | √ |

11.

- ഡാന്യൂബ് ജലപാത
- വോൾഗ ജലപാത
- ഗ്രേറ്റ് ലേക്കസ് - സെന്റ് ലോറൻസ് ജലപാത
- മിസ്സിസ്സിപ്പി ജലപാത

**വിലയിരുത്തൽ**

1. സൂയസ് കനാലിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു ചെറുകുറിപ്പ് തയാറാക്കുക
2. വ്യോമഗതാഗതത്തിന്റെ മേൻമകൾ എന്തെല്ലാമെന്ന് ചർച്ച ചെയ്യുക.
3. ലോകത്തിലെ ഏറ്റവും തിരക്കേറിയ ഉൾനാടൻ ജലപാതയേതെന്ന് കണ്ടെത്തുകയും അതിന്റെ രണ്ട് സവിശേഷതകൾ പട്ടികപ്പെടുത്തുകയും ചെയ്യുക.
4. പൈപ്പ് ലൈൻ ഗതാഗതത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.
5. ഉപഗ്രഹ ആശയവിനിമയത്തിൽ ഇന്ത്യയുടെ പങ്കാളിത്തം വിശദമാക്കുക.
6. സൈബർ ഇടങ്ങൾ ലോകത്തെ മുന്നോട്ട് നയിക്കുന്നതിന്റെ പങ്ക് എപ്രകാരമെന്ന് ഒരു ചെറുകുറിപ്പിലൂടെ വ്യക്തമാക്കുക.

# അധ്യായം 9
# അന്താരാഷ്ട്ര വ്യാപാരം


ഒരു തൃതിയ പ്രവർത്തനമായ വ്യാപാരം ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റമാണ്. ദേശാതിർത്തികൾ കടന്നുള്ള ഇത്തരം കൈമാറ്റങ്ങളെയാണ് അന്താരാഷ്ട്രവ്യാപാരം എന്നുപറയുന്നത്.

**പ്രധാന ആശയങ്ങൾ**

- അന്താരാഷ്ട്ര വ്യാപാരത്തിന്റെ പ്രധാനവശങ്ങൾ
- വ്യാപാരമിച്ചം
- വിവിധതരം അന്താരാഷ്ട്ര വ്യാപാരങ്ങൾ
- ലോകവ്യാപാര സംഘടന
- മേഖലാവ്യാപാര സമുച്ചയങ്ങൾ
- തുറമുഖങ്ങൾ


**പ്രവർത്തനം -1**

അന്താരാഷ്ട്ര വ്യാപാരത്തിന്റെ വിവിധ വശങ്ങൾ ഉൾപ്പെടുത്തി പദസൂര്യൻ തയാറാക്കൂ.




**പ്രവർത്തനം -2**

അന്താരാഷ്ട്ര വ്യാപാരത്തിന്റെ വിവിധ തരങ്ങൾ കണ്ടെത്തി ഫ്ളോചാർട്ട് പൂർത്തിയാക്കൂ



**പ്രവർത്തനം - 3**

രാഷ്ട്രങ്ങൾ തമ്മിലുള്ള വ്യാപാരത്തിന്റെ ആഗോള നിയമങ്ങൾ രൂപപ്പെടുത്തുന്ന അന്തർദേശീയ സംഘടനയാണ് ലോകവ്യാപാര സംഘടന. ഈ സംഘടനയെക്കുറിച്ചുള്ള വിവരങ്ങൾ കണ്ടെത്തി പട്ടികയിൽ ചേർക്കൂ.

- 1995 ജനുവരി 1-ന് രൂപീകൃതമായി
- ........................................................
- ........................................................

**പ്രവർത്തനം - 4**

പ്രാദേശിക വ്യാപാരത്തിന് ആക്കം കൂട്ടുന്നതിനായി രൂപംകൊണ്ടവയാണ് മേഖല വ്യാപാര സമുച്ചയങ്ങൾ. ചുവടെ നൽകിയിരിക്കുന്ന വിവരങ്ങൾക്ക് അനുയോജ്യമായ മേഖലവ്യാപാര സമുച്ചയങ്ങൾ തെരഞ്ഞെടുക്കുക.

a. ഏകനാണയത്തിൽ അധിഷ്ഠിതമായ ഏക കമ്പോളം

b. ആസ്ഥാനം ഇന്തോനേഷ്യയിലെ ജക്കാർത്ത


c. പെട്രോളിയം നയങ്ങൾ ഏകോപിപ്പിക്കുകയും ഏകീകരിക്കുകയും ചെയ്യുന്നു.

ASEAN
European union
OPEC


**പ്രവർത്തനം - 5**

അന്താരാഷ്ട്രവ്യാപാരത്തിന്റെ പ്രധാന കവാടങ്ങളാണ് ഹാർബറുകളും തുറമുഖങ്ങളും. തുറമുഖങ്ങളെ വിവിധതരത്തിൽ വർഗീകരിക്കുന്ന ഫ്ളോചാർട്ടുകൾ ചുവടെ നൽകിയിരിക്കുന്നു. പൂർത്തിയാക്കൂ.

എ)





ബി)



**പ്രവർത്തനം - 6**

പ്രത്യേക ധർമങ്ങളെ അടിസ്ഥാനമാക്കി തുറമുഖങ്ങളെ വർഗീകരിക്കാം. അവ ഉൾപ്പെടുത്തി പദസൂര്യൻ നിർമിക്കൂ.




**പ്രവർത്തനം - 7**

വിവിധതരം തുറമുഖങ്ങളുടെ സവിശേഷതകൾ ചുവടെ നൽകിയിരിക്കുന്നു. അവയ്ക്ക് അനുയോജ്യമായ ഉദാഹരണങ്ങൾ പദസഞ്ചിയിൽ നിന്ന് കണ്ടെത്തി എഴുതൂ.

a. ഹൂഗ്ലി നദിയിൽ സ്ഥിതി ചെയ്യുന്ന ഉൾനാടൻ തുറമുഖം

b. പേർഷ്യൻ ഉൾക്കടലിലെ ഒരു ശുദ്ധീകരണശാലാ എണ്ണ തുറമുഖം

c. ഏഷ്യയിലെ സുപ്രധാന ചരക്കുസംഭരണ തുറമുഖം

d. ഏതൻസിന്റെ പുറം തുറമുഖം

e. ഇന്ത്യയിലെ ഒരു നാവിക തുറമുഖം

സിങ്കപ്പൂർ
പിറേയസ്
കൊൽക്കത്ത
കൊച്ചി
അബാദാൻ

**ഉത്തരങ്ങൾ**

1. വ്യാപാരവ്യാപ്തം, വ്യാപാര ഇനങ്ങൾ, വ്യാപാര ദിശ
2. A. ഉഭയകക്ഷി വ്യാപാരം

   B. ബഹുകക്ഷി വ്യാപാരം
3. ♦ ആഗോളവ്യാപാരത്തിനായി നിയമങ്ങൾ രൂപീകരിക്കുന്നു.

   ♦ അംഗരാജ്യങ്ങൾ തമ്മിലുള്ള വ്യാപാര തർക്കങ്ങൾ പരിഹരിക്കുന്നു.

4. a. European Union (EU)
   b. ASEAN
   c. OPEC
5. A. a. വ്യാവസായിക തുറമുഖങ്ങൾ,
      b. വാണിജ്യ തുറമുഖങ്ങൾ
      c. സമഗ്ര തുറമുഖങ്ങൾ
   B. a. ഉൾനാടൻ തുറമുഖങ്ങൾ,
      b. പുറം തുറമുഖങ്ങൾ
6. എണ്ണ തുറമുഖങ്ങൾ, സന്ദർശന തുറമുഖങ്ങൾ, പാക്കറ്റ് സ്റ്റേഷൻ, ചരക്കുസംഭരണ തുറമുഖങ്ങൾ, നാവിക തുറമുഖങ്ങൾ
7. a. കൊൽക്കത്ത
   b. അബാദൻ
   c. സിങ്കപ്പൂർ
   d. പിറേയസ്
   e. കൊച്ചി

**വിലയിരുത്തൽ**

1. വ്യാപാരമിച്ചം എന്നാലെന്ത്?
2. തുറമുഖങ്ങളെ അന്താരാഷ്ട്ര വ്യാപാരത്തിന്റെ കവാടങ്ങൾ എന്നു വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?

# അധ്യായം 10
# മനുഷ്യ വാസസ്ഥലങ്ങൾ

മനുഷ്യ വാസസ്ഥലങ്ങളെ കുറിച്ചുള്ള പഠനം മാനവ ഭൂമിശാസ്ത്രത്തിന്റെ അടിസ്ഥാനമാണ്. ഒരു പ്രദേശത്തിന്റെ പരിസ്ഥിതിയുമായുള്ള മനുഷ്യസമ്പർക്കത്തെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ് മനുഷ്യ വാസയിടങ്ങൾ. മനുഷ്യർ ഏറെക്കുറെ സ്ഥിരമായി വസിക്കുന്ന ഇടങ്ങളായ മനുഷ്യ വാസസ്ഥലങ്ങളെക്കുറിച്ചാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

**പ്രധാന ആശയങ്ങൾ**

- വാസസ്ഥലങ്ങളുടെ വർഗീകരണം
- വാസസ്ഥലങ്ങളുടെ തരവും മാതൃകയും
- ഗ്രാമീണ വാസസ്ഥലങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങൾ
- ഗ്രാമീണ വാസസ്ഥല മാതൃകകൾ
- ഗ്രാമീണ വാസസ്ഥലങ്ങളുടെ പ്രശ്നങ്ങൾ
- നഗര വാസസ്ഥലങ്ങളുടെ വർഗീകരണം
- വികസ്വര രാജ്യങ്ങളിലെ നഗരവാസസ്ഥലങ്ങളുടെ പ്രശ്നങ്ങൾ

**പ്രവർത്തനം 1**

മനുഷ്യവാസയിടങ്ങളെ ഗ്രാമീണ വാസസ്ഥലങ്ങൾ നാഗരിക വാസസ്ഥലങ്ങൾ എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. അവ തമ്മിലുള്ള അടിസ്ഥാന വ്യത്യാസങ്ങൾ എഴുതുക.

| ഗ്രാമീണ വാസസ്ഥലങ്ങൾ | നാഗരിക വാസസ്ഥലങ്ങൾ |
|---|---|
| • ................ <br> ................ <br> ................ | •................ <br> ................ <br> ................ |

**പ്രവർത്തനം 2**

ഗ്രാമീണ വാസസ്ഥലങ്ങളെ ആകൃതിയുടെ അടിസ്ഥാനത്തിൽ തരംതിരിക്കാം. ചുവടെ തന്നിട്ടുള്ള ജോഡിയിൽ ശരിയായത് തിരഞ്ഞെടുക്കുക.

- കേന്ദ്രീകൃത വാസസ്ഥലങ്ങൾ : വിസരിത വാസസ്ഥലങ്ങൾ
- ഇരട്ട ഗ്രാമങ്ങൾ:രേഖീയ വാസസ്ഥലങ്ങൾ

**പ്രവർത്തനം 3**

ഗ്രാമീണ വാസസ്ഥലങ്ങളുടെ രൂപീകരണത്തെ ചില ഘടകങ്ങൾ സ്വാധീനിക്കുന്നുണ്ട്. അവ ഏതെല്ലാമെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

- ജലലഭ്യത
- ഭൂപ്രദേശം
- 
- 
- 


**പ്രവർത്തനം 4**


വീടുകൾ സ്ഥാപിച്ചിരിക്കുന്നതിന്റെ ക്രമമാണ് വാസസ്ഥല മാതൃകകൾ. ഗ്രാമീണ വാസസ്ഥല മാതൃകകളെ സ്വാധീനിക്കുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങൾ കണ്ടെത്തി എഴുതുക.


- ........................................
- ........................................


**പ്രവർത്തനം 5**


വാസസ്ഥലത്തിന്റെ ആകൃതിയുടെയും രൂപത്തിന്റെയും അടിസ്ഥാനത്തിൽ ഗ്രാമീണ വാസസ്ഥലങ്ങൾ വിവിധ ജ്യാമിതീയ രൂപങ്ങളിൽ കാണപ്പെടുന്നു. ചുവടെ നൽകിയിട്ടുള്ള രൂപങ്ങൾ പരിശോധിച്ച് അവയുടെ പേരുകൾ കണ്ടെത്തി എഴുതുക.


1.


2.


3.


4.


5.


6.


1. . . . . . . . . . . . . . . . . . . . .
2. . . . . . . . . . . . . . . . . . . . .
3. . . . . . . . . . . . . . . . . . . . .
4. . . . . . . . . . . . . . . . . . . . .
5. . . . . . . . . . . . . . . . . . . . .
6. . . . . . . . . . . . . . . . . . . . .

**പ്രവർത്തനം 6**

നഗരവാസസ്ഥലങ്ങളുടെ നിർവചനം രാജ്യങ്ങൾ തോറും വ്യത്യാസപെട്ടിരിക്കുന്നു. എന്നാലും നഗര വാസസ്ഥലങ്ങളുടെ വർഗീകരണത്തിനു പൊതുവായ ചില മാനദണ്ഡങ്ങളുണ്ട്. അവ പട്ടികപ്പെടുത്തുക.

- വലിപ്പം
- ........................................
- ........................................
- ........................................
- ........................................

**പ്രവർത്തനം 7**

ചുവടെ നല്കിയിട്ടുള്ളവയിൽ തെറ്റായ പ്രസ്താവന ഏത്.

A. ജനസംഖ്യയും കാർഷികേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണവും പരിഗണിച്ചാണ് ഇന്ത്യയിൽ ഒരു പ്രദേശത്തെ നഗരമായി നിർവചിക്കുന്നത്.

B. ജനസംഖ്യ 5000 ഉം കാർഷികേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം താരതമ്യേന കൂടുതലായുള്ളതുമായ ഒരു പ്രദേശത്തെ ഇന്ത്യയിൽ നഗരമായി പരിഗണിക്കാം

C. ജനസംഖ്യ2500 ഉള്ള ഏതൊരുപ്രദേശത്തെയും ഇന്ത്യയിൽ നഗരമായി പരിഗണിക്കാം.

**പ്രവർത്തനം 8**

വലിപ്പം, ലഭ്യമായ സേവനങ്ങൾ, നൽകുന്ന ധർമങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരങ്ങളെ പലതായി തരംതിരിക്കാം. അവ ഏതെല്ലാമെന്ന് കണ്ടെത്തൂ.

- പട്ടണം
- നഗരം
- ........................................
- ........................................
- ........................................
- ........................................

**പ്രവർത്തനം 9**

വലിപ്പം, ലഭ്യമായ സേവനങ്ങൾ, നൽകുന്ന ധർമങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരങ്ങളെ പലതായി തരം തിരിക്കാം. നഗരങ്ങളുടെ വർഗീകരണവുമായി ബന്ധപ്പെട്ട ചില പ്രസ്താവനകളാണ് ചുവടെ നൽകിയിട്ടുള്ളത്. അവയുടെ ഒറ്റപ്പദം എഴുതുക.

- വെവ്വേറെ പട്ടണങ്ങൾ കൂടിച്ചേർന്ന നഗരസമുച്ചയം
- കൊണർബേഷനുകൾ കൂടിച്ചേർന്ന മഹാനഗരം

**പ്രവർത്തനം 10**

വികസ്വരരാജ്യങ്ങളിലെ നഗര വാസസ്ഥലങ്ങൾ ധാരാളം പ്രശ്നങ്ങൾനേരിടുന്നു.

- ജനങ്ങളുടെ അനിയന്ത്രിതമായ കേന്ദ്രീകരണം,
- തിങ്ങിയ പാർപ്പിടങ്ങൾ,
- ഇടുങ്ങിയ തെരുവുകൾ
- കുടിവെള്ള സൗകര്യങ്ങളുടെ അഭാവം
- മാലിന്യ നിർമാർജനം,
- കുടിയേറ്റം,
- തൊഴിലില്ലായ്മ
- വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തത.
- മലിനീകരണം എന്നിവ.

ഇവയെ താഴെപറയുന്ന തലകെട്ടുകളിൽ വർഗീകരിച്ചെഴുതുക.

- സാമ്പത്തിക പ്രശ്നങ്ങൾ
- സാമൂഹ്യസാംസ്കാരിക പ്രശ്നങ്ങൾ
- പാരിസ്ഥിതിക പ്രശ്നങ്ങൾ

**പ്രവർത്തനം 11**

വികസ്വര രാജ്യങ്ങളിലെ ഗ്രാമീണ വാസസ്ഥലങ്ങൾ ധാരാളം പ്രശ്നങ്ങൾ നേരിടുന്നു. അവയിൽ ചിലതു ചുവടെ നൽകിയിട്ടുണ്ട് മറ്റുള്ളവകൂടി കണ്ടെത്തി എഴുതുക.

- ജലജന്യ രോഗങ്ങൾ
- ശൗച്യാലയങ്ങളുടെ അഭാവം
-

**ഉത്തര സൂചിക**

**പ്രവർത്തനം 1**

ഗ്രാമീണ ജനത പ്രാഥമിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു

നാഗരിക ജനത പ്രാഥമികേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു

**പ്രവർത്തനം 2**

- ഇരട്ട ഗ്രാമങ്ങൾ : രേഖീയ വാസസ്ഥലങ്ങൾ

**പ്രവർത്തനം 3**

- ജലലഭ്യത
- ഭൂപ്രദേശം
- ഉയർന്ന പ്രദേശം
- നിർമാണ വസ്തുക്കൾ
- പ്രതിരോധം
- ആസൂത്രിത വാസസ്ഥലങ്ങൾ

**പ്രവർത്തനം 4**

ചുറ്റുപാടുമുള്ള ഭൂപ്രകൃതി

ഭൂപ്രദേശത്തിന്റെ കിടപ്പ്

**പ്രവർത്തനം 5**

രേഖീയാകൃതി

T ആകൃതി

വൃത്താകൃതി

കുരിശാകൃതി

ഇരട്ട ആകൃതി

നക്ഷത്രാകൃതി

**പ്രവർത്തനം 6**

ജനസംഖ്യ

തൊഴിൽ ഘടന

ഭരണസംവിധാനം

**പ്രവർത്തനം 7**

C

**പ്രവർത്തനം 8**

പട്ടണം

നഗരം

കോണർബേഷൻ

മില്യൺ സിറ്റി

മെഗാലോ പോളിസ്

**പ്രവർത്തനം 9**

കോണർബേഷൻ

മെഗാലോ പോളിസ്

**പ്രവർത്തനം 10**

**സാമ്പത്തിക പ്രശ്നങ്ങൾ**

ജനങ്ങളുടെ അനിയന്ത്രിതമായ കേന്ദ്രീകരണം,

തിങ്ങിയ പാർപ്പിടങ്ങൾ,

ഇടുങ്ങിയ തെരുവുകൾ

തൊഴിലില്ലായ്മ

**സാമൂഹ്യസാംസ്കാരിക പ്രശ്നങ്ങൾ**

കുടിയേറ്റം,

വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തത.

**പാരിസ്ഥിതിക പ്രശ്നങ്ങൾ**

കുടിവെള്ള സൗകര്യങ്ങളുടെ അഭാവം

മാലിന്യ നിർമാർജനം,

മലിനീകരണം എന്നിവ.

**പ്രവർത്തനം 11**

ജലജന്യ രോഗങ്ങൾ

ശൗച്യാലയങ്ങളുടെ അഭാവം

മാലിന്യ നിർമജനത്തിന്റെ അഭാവം

കുടിവെള്ളത്തിന്റെ അഭാവം

ഗതാഗത വാർത്താവിനിമയ സംവിധാനങ്ങളുടെ അഭാവം

ആരോഗ്യ വിദ്യാഭ്യാസ സംവിധാനങ്ങളുടെ അഭാവം

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. പട്ടണം നഗരം എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.
2. എല്ലാ ഗ്രാമീണവാസസ്ഥലങ്ങളിലും സ്വാധീനമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ.
3. വികസ്വര രാജ്യങ്ങളിലെ നഗരങ്ങൾ നേരിടുന്ന സാമൂഹ്യ സാംസ്കാരിക പ്രശ്നങ്ങൾ എന്തെല്ലാം?
4. ഭരണനഗരങ്ങൾ എന്നാലെന്ത്?
5. ജലലഭ്യത ഗ്രാമീണ വാസസ്ഥലങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുന്നതെങ്ങനെ?